21
2024
ഏപ്രിൽ
ഞായർ
മേടം 7

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.170 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-170 | പേജ് 4. വില 2.00 രൂപ








02 ▶ കോമഡിയും റൊമാൻസും ആക്ഷനും; ദിലീപിന്റെ 'പവി കെയർ ടേക്കർ'

03 ▶ മേടച്ചൂടിലും ആവേശത്തോടെ സ്ഥാനാർഥികൾ...

04 ▶ ലോക്സഭാ തെരഞ്ഞെടുപ്പ് : വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിംഗ് തുടങ്ങി


# ഇലക്ടറൽ ബോണ്ട് തിരികെ കൊണ്ടുവരും: നിർമല സീതാരാമൻ



ന്യൂഡൽഹി: ബിജെപി വീണ്ടും അധികാരത്തിലെത്തിയാൽ ഇലക്ടറൽ ബോണ്ട് തിരികെ കൊണ്ടുവരുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ഇലക്ടറൽ ബോണ്ടിലെ ചില ഭാ?ഗങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് പറഞ്ഞ അവർ, മികച്ച കൂടിയാലോചനകളിലൂടെ അവ ഏതെങ്കിലും രൂപത്തിൽ തിരികെ കൊണ്ടുവരാനാണ് ബിജെപി ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കി. ഒരു ഇംഗ്ലീഷ് മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് കേന്ദ്ര ധനമന്ത്രി നിലപാട് വ്യക്തമാക്കിയത്.

ഇലക്ടറൽ ബോണ്ട് വിഷയത്തിൽ ഞങ്ങൾക്ക് നിക്ഷേപകരുമായി കൂടിയാലോചനകൾ നടത്തേണ്ടതുണ്ട്. എല്ലാവർക്കും സ്വീകാര്യമായ ഒരു ചട്ടക്കൂട് നിർമിക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് വിലയിരുത്തും. പ്രാഥമികമായി, സുതാര്യത നിലനിർത്തി ഇലക്ടറൽ ബോണ്ടിലേക്ക് കള്ളപ്പണം ഒഴുകുന്നത് പൂർണമായി ഇല്ലാതാക്കുമെന്നും അവർ പറഞ്ഞു. അതേസമയം, സുപ്രീംകോടതി വിധി പുനഃപരിശോധിക്കണമോയെന്ന് കേന്ദ്രസർക്കാർ ഇതുവരെ തീരുമാനിച്ചിട്ടില്ലെന്നും നിർമല വ്യക്തമാക്കി.

ഇതാദ്യമായല്ല ഇലക്ടറൽ ബോണ്ടിനെ അനുകൂലിച്ച് നിർമല സീതാരാമൻ രം?ഗത്തെത്തുന്നത്. മുൻപ് ഉണ്ടായിരുന്ന സംവിധാനത്തേക്കാൾ ഒരുപടി മുന്നിലായിരുന്നു ഇലക്ടറൽ ബോണ്ടെന്ന് അവർ മറ്റൊരു അഭിമുഖത്തിൽ പറഞ്ഞിരുന്നു. തിരഞ്ഞെടുപ്പ് ധനസഹായം കുറ്റമറ്റതാക്കാനാണ് ബിജെപി ഈ നിയമം കൊണ്ടുവന്നതെന്നും തിരഞ്ഞെടുപ്പ് ഫണ്ടിങ് കൂടുതൽ സുതാര്യതയിലൂടെ നടക്കേണ്ടതുണ്ടെന്നും നിർമല വ്യക്തമാക്കിയിരുന്നു.

രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന നൽകാൻ 2018 ജനുവരി രണ്ടിനാണ് കേന്ദ്ര സർക്കാർ ഇലക്ടറൽ ബോണ്ട് ആവിഷ്ക്കരിച്ചത്. എന്നാൽ 2024 ഫെബ്രുവരി 15 ന് സുപ്രീംകോടതിയുടെ അഞ്ചം?ഗ ഭരണഘടനാ ബെഞ്ച് ഇലക്ടറൽ ബോണ്ട് ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ച് അത് റദ്ദാക്കണമെന്ന് വിധിച്ചു.



തൃശൂർ പൂരം ഉപചാരം ചൊല്ലി പിരിയുന്നു

# വഴിമുടക്കിൽ തുടങ്ങിയ തർക്കം, ഒടുവിൽ തൃശ്ശൂർ പൂരത്തിന് 'പകൽ വെടിക്കെട്ട്'

തൃശ്ശൂർ: പോലീസുമായുള്ള തർക്കത്തെത്തുടർന്ന് നിർത്തിവെച്ച തൃശ്ശൂർ പൂരം വെടിക്കെട്ട് നാല് മണിക്കൂർ വൈകി ആരംഭിച്ചു. ആദ്യം പാറമേക്കാവിൻറെയും തുടർന്ന് തിരുവമ്പാടിയുടെയും വെടിക്കെട്ടാണ് നടന്നത്. പുലർച്ചെതന്നെ മന്ത്രി കെ. രാജൻ, കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ സംഘാടകരുമായി നടന്ന ചർച്ചയിലാണ് നിർത്തിവെച്ച പൂരം പുനരാരംഭിക്കാനും വെടിക്കെട്ട് പുലർച്ചെതന്നെ നടത്താനും തീരുമാനമായത്.

പോലീസിൻറെ അനാവശ്യ ഇടപെടലാണ് വിഷയം വഷളാക്കിയതെന്നും പിന്നീട് പ്രശ്നം പരിഹരിക്കപ്പെട്ടെന്നും എൽഡിഎഫ് സ്ഥാനാർഥി വി.എസ് സുനിൽകുമാർ പറഞ്ഞു. ബി.ജെ.പി. സ്ഥാനാർഥി സുരേഷ് ഗോപി അടക്കമുള്ളവർ രാത്രി തിരുവമ്പാടി ദേവസ്വം ഓഫീസിലെത്തിയിരുന്നു.

വെടിക്കെട്ടിന് 40 പണിക്കാരെ മാത്രമേ ഉപയോഗിക്കാനാകൂവെന്ന നിർദേശം പ്രതിഷേധത്തിനിടയാക്കി. കമ്മിറ്റിക്കാരെ ഇവിടേക്ക് കടത്തിവിടില്ലെന്നും പോലീസ് അറിയിച്ചിരുന്നു. പ്രതിഷേധ സൂചകമായി തിരുവമ്പാടിയുടെ നായ്ക്കനാൽ, നടുവിലാൽ കാഴ്ചപ്പന്തലുകളുടെ ലൈറ്റ് അണച്ചു. വെടിക്കെട്ട് ആരംഭിക്കുന്നതിന് മണിക്കൂറുകൾ മുന്നേതന്നെ റോഡ് അടച്ച് പോലീസ് ആളുകളെ തടഞ്ഞതും തർക്കത്തിനിടയാക്കി. ഇത് സംബന്ധിച്ച് പോലീസ് കമ്മീഷണർ അങ്കിത് അശോകും ദേശക്കാരും തമ്മിൽ തർക്കമുണ്ടായി.

ഒടുവിൽ രാത്രി നടക്കേണ്ട പൂരം വെടിക്കെട്ട് ചരിത്രത്തിലാദ്യമായി ശനിയാഴ്ച രാവിലെ 7.15 ന് പകൽ വെളിച്ചത്തിൽ നടത്തേണ്ടിയും വന്നു. ഇത് പൂരത്തിന്റെ മൊത്തം സൗന്ദര്യത്തെയാണ് അവസാന നിമിഷം ചോർത്തിക്കളഞ്ഞത്.

പോലീസിൻറെ കാർക്കശ്യമായിരുന്നു വെള്ളിയാഴ്ച രാവിലെ മുതൽ തൃശ്ശൂർ കണ്ടത്. അത് കുടമാറ്റവും കഴിഞ്ഞ് വെടിക്കെട്ടിന്റെ അവസാന നിമിഷംവരെ നീണ്ടുനിൽക്കുകയും ചെയ്തു. അമിട്ടുകളിൽ മരുന്നു നിറക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് തർക്കവുമായി വന്നതോടെയാണ് വെടിക്കെട്ട് നിർത്തിവെക്കുന്ന സാഹചര്യമുണ്ടായത്. പാറമേക്കാവ് ദേവസ്വം വെടിക്കെട്ടിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയ ശേഷം തിരുവമ്പാടി ദേവസ്വം ഒരുക്കങ്ങൾ തുടങ്ങുമ്പോഴാണ് പോലീസ് തർക്കത്തിനെത്തിയത്.

വെടിക്കെട്ടിന് പോലീസ് രാജെന്ന് തിരുവമ്പാടി വിഭാഗം ആരോപിച്ച് രാത്രിപൂരത്തിന്റെ പഞ്ചവാദ്യവും നിർത്തിവെച്ചു. പിന്നാലെ പൂരപ്പന്തലിലെ ലൈറ്റുകൾ കെടുത്തി പ്രതിഷേധമറിയിച്ചു. ഇതോടെയാണ് രാത്രി പൂരം പകുതിയിൽവെച്ച് അവസാനിപ്പിക്കാൻ തീരുമാനിച്ചത്.

തിരുവമ്പാടിയുടെ രാത്രി ചടങ്ങ് ഒരു ആനയെ മാത്രം ഉപയോഗിച്ചുകൊണ്ടുള്ള എഴുന്നള്ളത്ത് മാത്രമായി നടത്തി. തുടർന്ന്, പഞ്ചവാദ്യക്കാരും പൂരപ്രേമികളും മടങ്ങി. ആനകളെ പന്തലിൽ നിർത്തി സംഘാടകരും മടങ്ങി. പൂരം തകർക്കാൻ പോലീസ് ശ്രമിക്കുകയാണെന്ന് തിരുവമ്പാടി ദേവസ്വം ആരോപിച്ചു.

# തീരസദസിൽ രാജീവിന്റെ വികസനരേഖ

## തീരദേശ മേഖലയുടെ ദീർഘകാല പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉറപ്പാക്കിക്കൊണ്ടു രാജീവ് ചന്ദ്രശേഖറിന്റെ പ്രകടനപത്രിക പുറത്തിറക്കി




തിരുവനന്തപുരം: തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി അടുത്ത വർഷത്തേക്ക് നടപ്പാക്കുമെന്നുറപ്പുള്ള വികസന രേഖയുമായി എൻഡിഎ സ്ഥാനാർത്ഥിയും കേന്ദ്ര മന്ത്രിയുമായ രാജീവ് ചന്ദ്രശേഖർ. വലിയതുറയിൽ നടന്ന പൊതുസമ്മേളനത്തിൽ വികസന രേഖ നാലാം ക്ലാസ് വിദ്യാർത്ഥിനിയായ ജുവൽ പ്രകാശനം ചെയ്തു. പൊതുജനങ്ങൾ മുന്നോട്ടുവെച്ച നിർദ്ദേശങ്ങളെല്ലാം പരിഗണിച്ചാണ് തിരുവനന്തപുരത്തെ ഏഴ് നിയമസഭാ മണ്ഡലങ്ങളുടേയും ഹ്രസ്വ, ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ ഉൾപ്പെടുത്തി വികസന രേഖയ്ക്ക് രൂപം നൽകിയിരിക്കുന്നത്.

പ്രത്യേകം സജ്ജീകരിച്ച ബോട്ടിൽ ഫ്രാൻസിസ്, യോഹന്നാൻ, സ്റ്റീഫൻ എന്നീ മൂന്ന് മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിലാണ് വികസന രേഖ വലിയതുറയിൽ എത്തിച്ചത് വേറിട്ട അനുഭവമായി. തിരുവനന്തപുരം മണ്ഡലത്തിന്റെ എല്ലാ ഭാഗങ്ങളേയും ഉൾപ്പെടുത്തി, ഭൂമിശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികവും കലാപരവുമായ സാധ്യതകളെല്ലാം പരിഗണിച്ചുകൊണ്ടുള്ള വികസനരേഖയാണ് രാജീവ് ചന്ദ്രശേഖർ അവതരിപ്പിച്ചത്. സമുദ്രമേഖല, സെമികണ്ടക്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ഐ.ടി രംഗം, അത്യാധുനിക ടെക്നോളജിക്കൽ ഇന്നോവേഷൻ കേന്ദ്രം, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, ടെക്സ്റ്റൈൽ, വ്യോമയാന മേഖല, റോഡ്, മെട്രോ, മൊബിലിറ്റി ഇൻഫ്രാസ്ട്രക്ചർ തുടങ്ങി സർവതല സ്പർശിയായ വികസന രേഖയാണിത്.

ഇത് വെറും വാഗ്ദാനങ്ങളല്ല, അടുത്ത അഞ്ച് വർഷം ഞാൻ ചെയ്യാൻ പോകുന്ന കാര്യങ്ങളാണിത്. ജൂൺ അഞ്ചിന് റിസൾട്ട് വന്ന് പുതിയ മോദി സർക്കാർ അധികാരത്തിലെത്തിയാൽ മന്ത്രിയാകുന്ന ഞാൻ ഇതുവച്ചായിരിക്കും ജോലി ആരംഭിക്കുക, രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യമേഖല, എൻജിഒകൾ, കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ എന്നിവയുടെയെല്ലാം പങ്കാളിത്തത്തോടെയുള്ള പദ്ധതികളാണ് ഈ സമഗ്ര വികസന രേഖ വിഭാവനം ചെയ്തിരിക്കുന്നത്. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി അടുത്ത അഞ്ചു വർഷത്തേക്ക് വോട്ടർമാർ എനിക്ക് അവസരം നൽകുമെന്നാണ് പ്രതീക്ഷ, രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

പതിറ്റാണ്ടുകളായി അവഗണിക്കപ്പെട്ടുകിടക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് ദീർഘകാല അടിസ്ഥാനത്തിലുള്ള പരിഹാരമാർഗങ്ങളാണ് വേണ്ടത്. കുടിവെള്ളം, പാർപ്പിടം, ആരോഗ്യം എന്നീ ആവശ്യങ്ങൾ നിറവേറ്റി സാധാരണക്കാരുടെ ജീവിതത്തിലും പുരോഗതി ഉറപ്പാക്കേണ്ടതുണ്ട്. ഇതിനുള്ള മാർഗരേഖയാണീ വികസന രേഖ, രാജീവ് പറഞ്ഞു.

**പധാന പദ്ധതികൾ**

- മറൈൻ സെസ്
- വിഎസ്എസ് സിയിൽ ന്യൂ ഭാരത് സെമികണ്ടക്ടർ റിസർച്ച് സെന്റർ
- ആക്കുളം സിഡാക്കിൽ ഫ്യൂച്ചർ ലാബുകൾ ◆ വലിയതുറ ഹാർബർ
- പൂവാർ കപ്പൽ ശാല ◆ വിഴിഞ്ഞം ക്രൂസ് ടെർമിനൽ
- മാരിടൈം ആന്റ് ഫിഷറീസ് സ്കില്ലിങ് സെന്റർ
- ബാലരാമപുരം കൈത്തറി വ്യവസായ കേന്ദ്രത്തിൽ ഡിജിറ്റൽ
- മാർക്കറ്റിങ് ആന്റ് ഡിസൈനിങ് കേന്ദ്രം ◆ നെയ്യാറ്റിൻകരയിൽ എയിംസ്
- കാരോട് ഇലക്ട്രോണിക്സ് ഉൽപ്പന്ന നിർമ്മാണ യൂനിറ്റ്.

# തരൂരിനായി പ്രിയങ്ക; രാജീവിനായി സ്ത്രീകളുടെ കൂട്ടായ്മ





തിരുവനന്തപുരം. തീരദേശത്ത് പ്രിയങ്കാഗാന്ധി ഓളങ്ങൾ സൃഷ്ടിച്ചുകൊണ്ട് ശശിതരൂരിനായി പ്രചാരണം നടത്തിയപ്പോൾ.രാവിലെ നഗരത്തിലെ സ്ത്രീകളുടെ കൂട്ടായ്മ രാജീവ്ചന്ദ്രശേഖറിനായി കവടിയാറിൽ അണിനിരന്നു.സമൂഹത്തിന്റെ വിവിധ ലെയറിലുള്ള സ്ത്രീകളുടെ കൂട്ടായ്മ രാജീവ് ചന്ദ്രശേഖറിനായി ഒത്തു ചേർന്നത് കൗതുകമായി.ചലച്ചിത്ര സാമൂഹിക സാംസ്കാരിക കായികരംഗത്തുള്ള സ്ത്രീകളുടെ ഐക്യദാർഢ്യ പ്രതിജ്ഞ എടുത്തത് രാജീവ് ചന്ദ്രശേഖറെ വിജയിപ്പിച്ചു കൊണ്ടു മാറ്റം കൊണ്ടു വരണമെന്ന ആഗ്രഹത്തിലാണ്.

തിരുവനന്തപുരം വിമൺസ് ക്ലബ്ബ് സംഘടിപ്പിച്ച ചടങ്ങിൽ വിവിധ രംഗത്തുള്ള സ്ത്രീകൾ പ്രസംഗിച്ചു.ആവേശം നിറഞ്ഞ സ്ത്രീശക്തി പരിപാടി കഴിഞ്ഞു മറുപടിപറഞ്ഞ രാജീവിനോടൊപ്പം റോഡ്ഷോ നടത്തുവാനും തയ്യാറായി.'രാഷ്ട്രീയത്തിനതീതമായി പുതിയൊരാൾ വരണമെന്നും,തിരുവനന്തപുരത്തിന്റെ ആവിശ്യങ്ങൾ നടപ്പിലാകണമെന്നും ആഗ്രഹമുള്ളതുകൊണ്ടാണ് ഞങ്ങളൊക്കെ പങ്കെടുത്തത്.'ബിജി മോഹൻ പറഞ്ഞു.എഴുത്തുകാരിയും സാംസ്കാരിക പ്രവർത്തകയുമാണ് ബിജി.സദസ്സിൽ പ്രശസ്ത ചലച്ചിത്രതാരം ജലജ ഉണ്ടായിരുന്ന.ഗായിക ഭാവനരാധാക്ൃഷ്ണൻ,റജി ജയകുമാർ തുടങ്ങിയവരും തിരുവനന്തപുരത്തു മാറ്റം ആവിശ്യമാണന്നും അതിനു രാജീവ് ചന്ദ്രശേഖർ വിജയിക്കണമെന്നും പറഞ്ഞു.

വലിയതുറതീരത്തു നിന്നും പ്രയങ്കയുടെ റോഡ് ഷോ കടന്നു പോയി അതിന്റെ പൊടി അടങ്ങുന്നതിനു മുൻപേ രാജീവ് ചന്ദ്രശേഖർ വലിയതുറ ഗ്രൗണ്ടിൽ എത്തിച്ചേർന്നു.അദ്ദേഹം നേരത്തെ വാക്കു നൽകിയതനുസരിച്ച് തയ്യാറാക്കിയ വികസനരേഖ അവിടെ പുറത്തിറക്കി.തീരത്തിന്റെ അടിയന്തിരമായ പ്രശ്നങ്ങളും വികസന പദ്ധതികളും അതിൽ ഉൾപെട്ടിട്ടുണ്ടായിരുന്നു.നിറഞ്ഞ കൈയ്യടികളോടെ തീരജനത വികസനരേഖ സ്വീകരിച്ചു.

# കോമഡിയും റൊമാൻസും ആക്ഷനും; ദിലീപിന്റെ 'പവി കെയർ ടേക്കർ'



ദിലീപിന്റെ പുതിയ ചിത്രം പവി കെയർ ടേക്കറിന്റെ രസകാഴ്ചകൾ നിറഞ്ഞ ട്രെയിലർ പുറത്തിറങ്ങി. വിനീത് കുമാറിന്റെ സംവിധാനത്തിൽ ദിലീപ് കേന്ദ്ര കഥാപാത്രമാകുന്ന ചിത്രം 'പവി കെയർ ടേക്കർ' ഏപ്രിൽ 26ന് റിലീസ് ചെയ്യും.തിയേറ്റർ ഓണർസിന്റെ സംഘടനയായ ഫിയോസ്ക് ആദ്യമായി വിതരണത്തിനെത്തിക്കുന്ന ചിത്രം കൂടിയാണ് പവി കെയർ ടേക്കർ.

ജൂഹി ജയകുമാർ , ശ്രേയ രുഗ്മിണി , റോസ്മിൻ, സ്വാതി, ദിലിന രാമകൃഷ്ണൻ എന്നിവരാണ് ചിത്രത്തിലെ അഞ്ച് നായികമാർ. ജോണി ആന്റണി, രാധിക ശരത്കുമാർ, ധർമജൻ ബോൾഗാട്ടി, സ്ഫടികം ജോർജ്, അഭിഷേക് ജോസഫ്, മാസ്റ്റർ ശ്രീപത്, ഷൈജു അടിമാലി, ദീപു പണിക്കർ, ഷാഹി കബീർ, ജിനു ബെൻ തുടങ്ങിയ ഒരു വൻ താരനിര തന്നെ ചിത്രത്തിലുണ്ട്. ഗ്രാൻഡ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ദിലീപ് നിർമിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ രാജേഷ് രാഘവന്റെതാണ്. ഛായാഗ്രഹകൻ സനു താഹിർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസ് അനൂപ് പത്മനാഭൻ, കെ. പി വ്യാസൻ, എഡിറ്റർ ദീപു ജോസഫ്, സംഗീതം മിഥുൻ മുകുന്ദൻ, ഗാനരചന ഷിബു ചക്രവർത്തി, വിനായക് ശശികുമാർ, പ്രൊജക്റ്റ് ഹെഡ് റോഷൻ ചിറ്റൂർ, പ്രൊഡക്ഷൻ ഡിസൈൻ നിമേഷ് എം താനൂർ, പ്രൊഡക്ഷൻ കൺട്രോളർ രഞ്ജിത് കരുണാകരൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ രാകേഷ് കെ രാജൻ,കോസ്റ്റ്യൂം സഖി എൽസ, മേക്കപ്പ് റോണെക്സ് സേവ്യർ, സൗണ്ട് ഡിസൈൻ ശ്രീജിത്ത് ശ്രീനിവാസൻ, പി. ആർ. ഓ എ. എസ്. ദിനേശ്, സ്റ്റിൽസ് രാംദാസ് മാത്തൂർ, ഡിസൈൻസ് യെല്ലോ ടൂത്ത്, ഡിജിറ്റൽ മാർക്കറ്റിംഗ് സുജിത് ഗോവിന്ദൻ, കണ്ടെന്റ് & മാർക്കറ്റിംഗ് ഡിസൈൻ പപ്പെറ്റ് മീഡിയ



# വിനീത് ശ്രീനിവാസൻ മാജിക്; 'വർഷങ്ങൾക്ക് ശേഷം'

സൗഹൃദവും സ്നേഹവും സിനിമയും ഇഴച്ചേർന്നൊരു വിനീത് ശ്രീനിവാസൻ മാജിക്, ഒറ്റവാചകത്തിൽ 'വർഷങ്ങൾക്ക് ശേഷം' എന്ന ചിത്രത്തെ ഇങ്ങനെ വിശേഷിപ്പിക്കാം. ധ്യാൻ ശ്രീനിവാസനും പ്രണവ് മോഹൻലാലും പ്രധാന വേഷത്തിലെത്തുന്ന ചിത്രം പ്രതീക്ഷയുടെയും ഒറ്റപ്പെടലിന്റെയും സഹനത്തിന്റെയും കഥകൂടി പറഞ്ഞുവെക്കുന്നുണ്ട്. കല്യാണി പ്രിയദർശനും നീത പിള്ളയുമാണ് നായികമാർ.

സിനിമ സ്വപ്നം കണ്ട് കോടമ്പാക്കത്തേക്ക് ട്രെയിൻ കയറിയ മുരളി, വേണു എന്നീ രണ്ട് സുഹൃത്തുക്കളുടെ ജീവിതയാത്രയാണ് ചിത്രം. ഇരുവരുടെയും പല കാലഘട്ടത്തിലുള്ള ജീവിതം നർമത്തിന്റെയും സംഗീതത്തിന്റെയും മേമ്പൊടിയോടെയാണ് സംവിധായകൻ അവതരിപ്പിച്ചിരിക്കുന്നത്. മുരളിയായി പ്രണവും വേണുവായി ധ്യാനും വേഷമിട്ടിരിക്കുന്നു.

നാടും വീടും ഒക്കെയുപേക്ഷിച്ച് സിനിമയെന്ന മോഹത്തിലേയ്ക്ക് സഞ്ചരിച്ച മുരളിക്കും വേണുവിനും കാര്യങ്ങൾ എളുപ്പമായിരുന്നില്ല. സിനിമ സ്വപ്നം കണ്ട് ജീവിതം തള്ളിനീക്കിയ ഒരുപാട് പേർക്കിടയിൽ അവരും എത്തിച്ചേർന്നു, കഷ്ടതകൾ സഹിച്ചു, ലക്ഷ്യത്തിലേയ്ക്കായി പ്രയത്നിച്ചു. തുടർന്ന് ഇവരുടെ ജീവിതത്തിൽ നടക്കുന്ന സംഭവങ്ങളിലൂന്നിയാണ് ചിത്രം പുരോഗമിക്കുന്നത്.

നർമത്തിന് മാത്രമല്ല, വൈകാരിക രംഗങ്ങൾക്കും വിനീത് ശ്രീനിവാസൻ ഇടം നൽകിയിട്ടുണ്ട്. സിനിമയ്ക്കുള്ളിലെ സിനിമയുടെ കഥ പറയുന്ന ചിത്രത്തിൽ പ്രണയവും നിർണായകമായ കഥാപാത്രമാകുന്നുണ്ട്. അമൃത് രാംനാഥിന്റെ സംഗീതമാണ് ചിത്രത്തിന്റെ ആത്മാവ്. മനോഹരമായ ഗാനങ്ങളും പശ്ചാത്തല സംഗീതവും പ്രേക്ഷകരെ ചിത്രത്തിലേയ്ക്ക് കൂടുതൽ ചേർത്ത് നിർത്തുന്നുണ്ട്. വ്യത്യസ്ത കാലഘട്ടത്തിലെ കഥപറച്ചിലിനോട് നീതിപുലർത്തുന്ന പ്രകടനങ്ങൾ താരങ്ങളുടെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട്.

നിവിൻ പോളി, അജു വർഗീസ്, ബേസിൽ ജോസഫ്, വിനീത് ശ്രീനിവാസൻ, നീരജ് മാധവ്, അർജുൻ ലാൽ, അശ്വത് ലാൽ, കലേഷ് രാംനാഥ്, ഷാൻ റഹ്മാൻ തുടങ്ങിയ വൻ താരനിരയാണ് ചിത്രത്തിൽ എത്തുന്നത്. ഇവർക്ക് പുറമെ ചില സർപ്രൈസുകളും സംവിധായകൻ ഒളിപ്പിച്ചു വെച്ചിട്ടുണ്ട്.

ധ്യാനിനും പ്രണവിനും പുറമെ നിവിൻ പോളി, അജുവർഗീസ്, ബേസിൽ എന്നിവരുടെ കഥാപാത്രങ്ങളും കൈയടി നേടുന്നുണ്ട്. ചിത്രത്തിലെ ഒരു നിർണായക ഘട്ടത്തിലെത്തുന്ന നിവിൻ പോളി ചിത്രത്തിന്റെ മൂഡ് തന്നെ മാറ്റിമറിക്കുന്നുണ്ട്. നിധിൻ മോളി എന്ന കഥാപാത്രമായെത്തുന്ന നിവിൻ പോളിയെന്ന എന്റെർടെയിനറെ വിനീത് ശ്രീനിവാസൻ ആടിത്തകർക്കാൻ അഴിച്ചുവിടുകയായിരുന്നുവെന്ന് പറയാം. താരം സ്ക്രീനിൽ എത്തുമ്പോഴെല്ലാം പ്രേക്ഷകർക്ക് ആഘോഷമാക്കാനുള്ളതെല്ലാം സംവിധായകൻ ഒരുക്കിവെച്ചിരുന്നു.

വിശ്വജിത്ത് ഛായാഗ്രഹണവും രഞ്ജൻ എബ്രഹാം എഡിറ്റിങ്ങും നിർവഹിക്കുന്നു. പ്രണവ് മോഹൻലാൽ നായകനായ 'ഹൃദയം' നിർമ്മിച്ച മെറിലാൻഡ് സിനിമാസിന്റെ ബാനറിൽ വിശാഖ് സുബ്രഹ്മണ്യം തന്നെയാണ് ഈ ചിത്രത്തിന്റെയും നിർമ്മാണം നിർവഹിക്കുന്നത്. വിനീത് ശ്രീനിവാസനാണ് തിരക്കഥ ഒരുക്കിയിരിക്കുന്നത്.

# ചിരിപ്പൂരമൊരുക്കാൻ പൃഥ്വിയും ബേസിലും യോഗി ബാബുവും, 'ഗുരുവായൂരമ്പല നടയിൽ'

പൃഥ്വിരാജ് സുകുമാരനും ബേസിൽ ജോസഫും പ്രധാന വേഷത്തിലെത്തുന്ന 'ഗുരുവായൂരമ്പല നടയിൽ' എന്ന ചിത്രത്തിന്റെ ടീസർ റിലീസ് ചെയ്തു. ഒരു ഫൺ ഫാമിലി എന്റർടെയിനറായിരിക്കും ചിത്രമെന്നാണ് ടീസർ നൽകുന്ന സൂചന. 'ജയ ജയ ജയ ജയ ഹേ'യ്ക്ക് എന്ന ചിത്രത്തിന് ശേഷം വിപിൻ ദാസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ഗുരുവായൂരമ്പല നടയിൽ'.

ചിത്രത്തിന്റെ റിലീസ് ഡേറ്റും അണിയറപ്രവർത്തകർ പുറത്തുവിട്ടിട്ടുണ്ട്. മേയ് 16ന് ചിത്രം തിയേറ്ററുകളിലെത്തും. തമിഴ് ഹാസ്യതാരം യോ?ഗി ബാബു മലയാളത്തിൽ അഭിനയിക്കുന്നു എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്.

അനശ്വര രാജൻ, നിഖില വിമൽ, ജ?ഗദീഷ്, ബൈജു, ഇർഷാദ്, ജഗദീഷ്, പി പി കുഞ്ഞികൃഷ്ണൻ തുടങ്ങിയവരും ചിത്രത്തിലുണ്ട്. പൃഥ്വിരാജ് പ്രൊഡക്ഷൻസും ഇ ഫോർ എന്റർടെയ്ൻമെന്റ്സും ചേർന്നാണ് ചിത്രം പ്രേക്ഷകരിലേക്കെത്തിക്കുന്നത്.



# വേതനത്തർക്കം; യുവെന്റസിനെതിരായ കേസിൽ ക്രിസ്റ്റ്യാനോയ്ക്ക് ജയം



റോം: വേതന തർക്കത്തിൽ ഇറ്റാലിയൻ ഫുട്ബോൾ ക്ലബ് യുവെന്റസിനെതിരായ കേസിൽ പോർച്ചുഗീസ് ഫുട്ബോൾ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയ്ക്ക് ജയം. ഇതോടെ താരത്തിന് 10.4 ദശലക്ഷം ഡോളർ നൽകാൻ ക്ലബ്ബിനോട് ഇറ്റാലിയൻ സ്പോർട്സ് ആർബിട്രേഷൻ കോടതി ഉത്തരവിട്ടു.

കോവിഡ് മാഹാമാരിക്കിടെ 2020 മാർച്ചിനും 2021 ഏപ്രിലിനും ഇടയിൽ തങ്ങളുടെ ശമ്പളത്തിന്റെ ഒരു ഭാഗം വൈകിപ്പിക്കാനുള്ള യുവെന്റസ് കളിക്കാരുടെ തീരുമാനവുമായി ബന്ധപ്പെട്ടതാണ് പ്രശ്നം. കോവിഡ് പ്രതിസന്ധിയെ തുടർന്ന് നിരവധി ക്ലബ്ബുകൾക്ക് വരുമാനം നഷ്ടമാകുകയും വമ്പൻ സാമ്പത്തിക നഷ്ടം നേരിടുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് റൊണാൾഡോയും സഹതാരങ്ങളും 2020 മാർച്ചിനും 2021 ഏപ്രിലിനും ഇടയ്ക്ക് നാലു മാസത്തെ ശമ്പളം മാറ്റിവെയ്ക്കാൻ സമ്മതിക്കുകയായിരുന്നു. വിവിധ ക്ലബ്ബുകളിലെ ഒട്ടേറെ താരങ്ങൾ ഇക്കാലത്തെ ശമ്പളം, ബോണസ് തുടങ്ങിയവ ഉപേക്ഷിച്ചിരുന്നു.

മാറ്റിവെച്ച വേതനത്തിൽ നിന്ന് റൊണാൾഡോ പിന്നീട് പണം നൽകണമെന്ന് ആവശ്യപ്പെട്ടതോടെയാണ് തർക്കം ഉടലെടുക്കുന്നത്. തീരുമാനം വൈകിയതോടെ താരം കോടതിയെ സമീപിക്കുകയായിരുന്നു. 21.3 ദശലക്ഷം ഡോളറാണ് താരം ആദ്യം ആവശ്യപ്പെട്ടത്. എന്നാൽ ആർബിട്രേഷൻ പാനൽ ഇടപെട്ട് തുക കുറയ്ക്കുകയായിരുന്നു.

2018 മുതൽ 2021 വരെ യുവെന്റസിനായി കളിച്ച റൊണാൾഡോ 134 മത്സരങ്ങളിൽ നിന്ന് 101 ഗോളുകൾ നേടിയിരുന്നു. ഇക്കാലയളവിൽ യുവെന്റസ് രണ്ട് സീരി എ കിരീടങ്ങൾ നേടുകയും ചെയ്തു.

# ശക്തമായി പ്രതികരിക്കുമെന്ന് ഇസ്രയേൽ, ഇതുവരെ പ്രയോഗിക്കാത്ത ആയുധങ്ങൾ പുറത്തെടുക്കുമെന്ന് ഇറാൻ

ടെൽ അവീവ്: ഇറാന്റെ ആക്രമണം അവഗണിക്കാനാവില്ലെന്നും ശക്തമായി പ്രതികരിക്കുമെന്നും ഇസ്രായേൽ. എന്നാൽ ഇസ്രായേൽ സാഹസത്തിന് മുതിർന്നാൽ വലിയ വില നൽകേണ്ടി വരുമെന്ന് ടെഹ്റാനും തിരിച്ചടിച്ചു.

ആക്രമണത്തിലൂടെ ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കാൻ ടെഹ്റാനെ അനുവദിക്കില്ലെന്ന് ഇസ്രയേൽ വാർ കാബിനറ്റ് വ്യക്തമാക്കി. ഇസ്രായേൽ വ്യോമസേന ഇറാനെതിരായ പ്രത്യാക്രമണത്തിന് തയ്യാറെടുക്കുകയാണെന്നും യുഎസ് നിർമ്മിത എഫ്16, എഫ്15, എഫ്35 യുദ്ധവിമാനങ്ങളുടെ വ്യൂഹം കരുത്ത് പകരുമെന്നും വാർ കാബിനറ്റ് വ്യക്തമാക്കിയതായി ഇസ്രയേൽ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

അതേസമയം, ഇസ്രയേൽ അക്രമണം നടത്തുകയാണെങ്കിൽ ഉടനടി ശക്തമായി പ്രതികരിക്കുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി ഹുസൈൻ അമീർ അബ്ദുള്ളാഹിയൻ മുന്നറിയിപ്പ് നൽകി. ഇസ്രയേലിനെ നേരിടാൻ ഇതുവരെ പ്രയോഗിച്ചിട്ടില്ലാത്ത ആയുധങ്ങൾ ഉപയോഗിക്കാൻ ഇറാൻ തയ്യാറാകുമെന്ന് ഇറാൻ ദേശീയ സുരക്ഷാ വിദേശനയ സമിതിയുടെ വക്താവ് പറഞ്ഞു.

ഇറാനെതിരായ പ്രത്യാക്രമണത്തിൽ യുഎസ് പങ്കെടുക്കില്ലെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു നേരത്തെ വ്യക്തമാക്കിയിരുന്നു. കൂടാതെ സംയമനം പാലിക്കണമെന്ന് ഇസ്രയേലിനോട് അഭ്യർഥിക്കുകയും ചെയ്തിരുന്നു.

ഇറാൻ നടത്തിയ മിസൈൽ, ഡ്രോൺ ആക്രമണത്തോട് പ്രതികരിക്കുകയല്ലാതെ ഇസ്രായേലിന് മറ്റു മാർഗമില്ലെന്ന് പ്രതിരോധ മന്ത്രി യോവ് ഗാലന്റ് യുഎസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനിനെ അറിയിച്ചു. ഇറാന്റെ മിസൈൽ ഡ്രോൺ ആക്രമണങ്ങൾക്ക് മറുപടി നൽകുമെന്ന് ഇസ്രായേൽ പ്രതിരോധ സേന (ഐഡിഎഫ്) ചീഫ് ഹെർസി ഹലേവിയും വ്യക്തമാക്കി.

# പ്രമേഹം കൂട്ടാൻ കേജരിവാൾ മധുരം കഴിക്കുന്നു; ഇഡി കോടതിയിൽ

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ജയിലിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിനെതിരെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്. കേജരിവാൾ ജയിലിനുള്ളിലിരുന്ന് മാമ്പഴം അടക്കം മധുരമുള്ള ഭക്ഷണം അമിതമായി കഴിച്ച് പ്രമേഹം കൂട്ടാൻ ശ്രമിക്കുന്നു.

ജാമ്യം ലഭിക്കുന്നതിനായാണ് കേജരിവാൾ ഇത് ചെയ്യുന്നതെന്നും ഇഡി കോടതിയെ അറിയിച്ചു. ഡോക്ടറെ കാണണം എന്നാവശ്യപ്പെട്ടുള്ള കേജരിവാളിൻറെ ഹർജി പരിഗണിക്കുന്നതിനിടെ ആയിരുന്നു ഇഡിയുടെ എതിർവാദം. ഹർജി വീണ്ടും നാളെ പരിഗണിക്കും.

കേജരിവാൾ കഴിക്കുന്ന ഭക്ഷണത്തിൻറെ റിപ്പോർട്ട് സമർപ്പിക്കാൻ തിഹാർ ജയിൽ അധികൃതരോടു കോടതി ആവശ്യപ്പെട്ടു. ജയിലിൽ 24 മണിക്കൂറും ഡോക്ടർമാരെ നിയോഗിച്ചിട്ടുണ്ടെന്നും കേജരിവാളിൻറെ രക്തത്തിലെ പഞ്ചസാരയുടെ അളവ് ദിവസത്തിൽ രണ്ടുതവണ പരിശോധിക്കുന്നതായും ഇഡി പറഞ്ഞു.

മദ്യനയക്കേസിൽ അറസ്റ്റിലായതു മുതൽ ആരോഗ്യനിലയിൽ പ്രശ്നങ്ങളുണ്ടെന്ന് കേജരിവാളും കുടുംബവും ആം ആദ്മി പ്രവർത്തകരും പറഞ്ഞിരുന്നു.

## കേജരിവാളിനെ വധിക്കാൻ ഗൂഢാലോചന ; ആരോപണവുമായി ആം ആദ്മി പാർട്ടി

ന്യൂഡൽഹി: തിഹാർ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിനെ കൊലപ്പെടുത്താൻ ഗൂഢാലോചന നടക്കുന്നുണ്ടെന്ന് ആം ആദ്മി പാർട്ടി നേതാവും മന്ത്രിയുമായ അതിഷി . ആരോഗ്യപ്രശ്നങ്ങളുള്ളതിനാലാണ് വീട്ടിൽ നിന്ന് തയാറാക്കുന്ന ഭക്ഷണം നൽകാൻ നിർദേശിക്കുന്നത്. എന്നാൽ ഇതിനും അനുവദിക്കുന്നില്ല. ഇത്തരത്തിൽ ജയിലിൽ വച്ച് കേജരിവാളിനെ അപകടപ്പെടുത്താനാണ് നീക്കമെന്നും അതിഷി പറഞ്ഞു.

## സ്വകാര്യബസിലും പരിശോധന; ഡ്രൈവർ മദ്യപിച്ചാൽ നടപടി

തിരുവനന്തപുരം: സ്വകാര്യ ബസ് ജീവനക്കാർ മദ്യപിച്ചുണ്ടോയെന്ന് പരിശോധിക്കുമെന്ന് മന്ത്രി കെ.ബി.ഗണേഷ് കുമാർ. കെഎസ്ആർടിസിക്ക് പിന്നാലെ സ്വകാര്യ ബസിലും ജോലിസമയത്ത് ഡ്രൈവർ മദ്യപിച്ചിട്ടുണ്ടോയെന്ന് കണ്ടെത്താൻ സ്വകാര്യബസ് സ്റ്റാൻഡുകളിൽ മോട്ടോർ വാഹനവകുപ്പ് സ്ക്വാഡ് പരിശോധന നടത്തുമെന്നും മന്ത്രി അറിയിച്ചു.

ജോലി സമയത്ത് ഡ്രൈവർ മദ്യപിച്ചെന്നു കണ്ടെത്തിയാൽ അന്നത്തെ ട്രിപ് റദ്ദാക്കുമെന്നും മന്ത്രി പറഞ്ഞു. കെഎസ്ആർടിസി ജീവനക്കാർ മദ്യപിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ എല്ലാ ഡിപ്പോകളിലും ബ്രെത്തലൈസർ സ്ഥാപിക്കും.

# ദുബായിലെ പ്രളയം മനുഷ്യനിർമിതം ; വ്യാജ പോസ്റ്റിൽ വി.ഡി.സതീശൻ ഡിജിപിക്ക് പരാതി നൽകി

തിരുവനന്തപുരം: ദുബായിലുണ്ടായ പ്രളയം മനുഷ്യ നിർമിത ദുരന്തമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ പറഞ്ഞുവെന്ന തരത്തിൽ പ്രചരിക്കുന്ന പോസ്റ്റിനെതിരെ ഡിജിപിക്ക് പരാതി നൽകി.

ഇങ്ങനെയൊരു കാര്യം പറഞ്ഞിട്ടില്ലെന്നും വി.ഡി.സതീശൻ ഡിജിപിക്ക് നൽകിയിരിക്കുന്ന പരാതിയിൽ പറയുന്നു. കേരളത്തിലുണ്ടായ പ്രളയം സംബന്ധിച്ച വാർത്ത എഡിറ്റ് ചെയ്ത് നെല്യൂ @l311യൗ എന്ന എക്സ് അക്കൗണ്ടിൽ നിന്നുമാണ് പോസ്റ്റ് ചെയ്തിരിക്കുന്നത്.

വ്യാജ പ്രചരണം നടത്തിയ ഈ അക്കൗണ്ടിൻറെ ഉടമയെ കണ്ടെത്തി കർശന നിയമനടപടി സ്വീകരിക്കണമെന്നും പ്രതിപക്ഷ നേതാവിൻറെ പ്രൈവറ്റ് സെക്രട്ടറി നൽകിയ പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സമൂഹമാധ്യമങ്ങളിലൂടെ വ്യാപകമായി ഈ പോസ്റ്റ് പങ്കുവയ്ക്കപ്പെട്ടിട്ടുണ്ടെന്നും ഇതിന് പിന്നിൽ സിപിഎം ആണെന്നും കോൺഗ്രസ് ആരോപിക്കുന്നു.

# മേടചൂടിലും ആവേശത്തോടെ സ്ഥാനാർഥികൾ...

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിന് ഇനി എട്ടുനാൾ മാത്രം ശേഷിക്കെ നാടും നഗരവും ഇളക്കിമറിച്ചുള്ള തെരഞ്ഞെടുപ്പു പ്രചാരണത്തിലാണ് തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർഥികൾ.

കോളിയൂർ ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള അയ്യങ്കാളിയുടെയും, ഡോ. അംബേദ്കറുടെയും പ്രതിമകളിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണ് യുഡിഎഫ് സ്ഥാനാർഥി ശശി തരൂർ പര്യടനം ആരംഭിച്ചത്.

കോളിയൂർ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച പര്യടനം പൂങ്കുളം, വണ്ടിത്തടം, പാച്ചല്ലൂർ ജംഗ്ഷൻ, തിരുവല്ലം ജംഗ്ഷൻ, പരശുരാമക്ഷേത്രം, അമ്പലത്തറ ജംഗ്ഷൻ, അമ്മച്ചിമുക്ക്, കല്ലാട്ടുമുക്ക്, കമലേശ്വരം, കൊഞ്ചിറവിള ക്ഷേത്രം, കല്ലടിമുഖം വഴി ചിറമുക്ക് ജംഗ്ഷൻ എന്നിവടങ്ങളിൽ ഉച്ചയോടെ പര്യടനം പൂർത്തിയാക്കി.ഉച്ച കഴിഞ്ഞ് മൂന്നിന് ആരംഭിച്ച പര്യടനം ആറ്റുകാൽ ക്ഷേത്രം, പുത്തൻകോട്ട കാലടി ജംഗ്ഷൻ, കുളത്തറ, ഇളംതെങ്ങ്, പുളിയുടെ മൂട്, ചെട്ടിയാർമുക്ക്, കാലടി സൗത്ത്, സോമൻ നഗർ, നെടുങ്കാട് സ്കൂൾ ജംഗ്ഷൻ, പിആർഎസ് ബണ്ട് റോഡ്, മഹാറാണി ജംഗ്ഷൻ, കമലേശ്വരം, ആര്യൻകുഴി ക്ഷേത്രം, പൊന്നറ കോളനി, തരംഗിണി നഗർ, പരുത്തിക്കുഴി, മൈലാഞ്ചി മുക്ക്, ഫാത്തിമ്മ ആശുപത്രി, മൂന്നാറ്റുമുക്ക് വഴി എൺപതോളം സ്ഥലങ്ങൾ സന്ദർശിച്ച ശേഷം രാത്രി ഏഴിന് എസ്എം ലോക്ക് ജംഗ്ഷനിൽ സമാപിച്ചു . സമാപന സമ്മേളനം എം. വിൻസൻറ് എംഎൽഎ ഉദ്ഘാടനം ചെയ്തു.നേമം നിയോജക മണ്ഡലത്തിലായിരുന്നു ഇന്നലെ എൽഡിഎഫ് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രൻറെ സ്ഥാനാർഥി പര്യടനം. രാവിലെ എട്ടിന് ബണ്ട് റോഡ് കട്ടയ്ക്കലിൽ മന്ത്രി ജി.ആർ. അനിൽ പര്യടനം ഉദ്ഘാടനം ചെയ്തു. മന്ത്രി വി.ശിവൻകുട്ടി, എം. വിജയകുമാർ, കരമന ഹരി, വി.എസ്. സുലോചനൻ തുടങ്ങിയവർ പങ്കെടുത്തു.വിവിധ കേന്ദ്രങ്ങളിൽ ആർ.എസ്. ജയൻ, പി.കെ. സാം തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് തേരകം ജംഗ്ഷൻ, സോമൻനഗർ, ടെക്സ്റ്റൈൽസ്, നെടുങ്കാട് ജംഗ്ഷൻ, ബാങ്ക് ജംഗ്ഷൻ, കരമന ഗ്രാമം തുടങ്ങി നിരവധി കേന്ദ്രങ്ങൾ കടന്ന് ഉച്ചയോടെ പയറ്റുകുപ്പയിൽ പ്രചാരണം അവസാനിപ്പിച്ചു.വിശ്രമത്തിനു ശേഷം തൈക്കാപള്ളി ജഗ്ഷനിൽ നിന്നും ആരംഭിച്ച പര്യടനം കമലേശ്വരം, ആര്യൻകുഴി, വെള്ളരിപ്പണ, പെരുന്നെല്ലി, വടുവത്ത്, തിരുവല്ലം, കോളിയൂർ തുടങ്ങി നിരവധി കേന്ദ്രങ്ങളും പിന്നിട്ട് രാത്രിയോടെ കല്ലടിച്ചാൻമൂലയിൽ അവസാനിച്ചു. മണ്ഡലത്തിലുടനീളം സ്ഥാനാർഥിയുടെ വാഹന പര്യടനത്തിന് വൻ സ്വീകരണമാണ് ലഭിച്ചത്.എൻഡിഎ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖറിൻറെ വാഹന പ്രചാരണ ജാഥ ഇന്നലെ കോവളം മണ്ഡലത്തിൽ കടന്നു. തലക്കോട് മണ്ഡലത്തിലെ പ്രചാരണ ജാഥയുടെ ഉദ്ഘാടനം ബിജെപി സംസ്ഥാന വക്താവ് പാലോട് സന്തോഷ് ഉദ്ഘാടനം ചെയ്തു. തുടർന്ന് മുക്കോല, വിഴിഞ്ഞം കടപ്പുറം എന്നിവിടങ്ങളിലെത്തി സ്വീകരണം ഏറ്റുവാങ്ങി. വിഴിഞ്ഞം തമിഴ് വിശ്വബ്രാഹ്മണ സമാജം അംഗങ്ങളുടെ സ്വീകരണം ഏറ്റുവാങ്ങി.വിഴിഞ്ഞം തെരുവ് കല്ലുവെട്ടാൻകുഴിയിലെത്തിയ സ്ഥാനാർഥിക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്ത് നടത്തിയ വികസന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് ആർട്ടിസ്റ്റ് വിഷ്ണു കാൻവാസിൽ ചാലിച്ച അക്രിലിക് ചിത്രം സ്ഥാനാർഥിക്ക് കൈമാറി. വിഴിഞ്ഞം തീയേറ്റർ ജംഗ്ഷനിലും പുല്ലൂർക്കോണം അംബേദ്കർ ഗ്രൗണ്ടിലും, ബിഎംഎസ് ഫയർ സ്റ്റേഷനിലെയും ജനങ്ങളുടെ സ്വീകരണം ഏറ്റുവാങ്ങി.വിഴിഞ്ഞം തീരദേശത്തെ മുതിർന്ന നേതാവ് വിഴിഞ്ഞം ദാസ് സ്ഥാനാർഥിയെ പൊന്നാട അണിയിച്ച് സ്വീകരിച്ചു. കോവളം എസ്എൻഡിപി ശാഖ സന്ദർശിച്ച സ്ഥാനാർഥി വൈസ് പ്രസിഡൻറ് വിഷ്ണുരാജ് സെക്രട്ടറി സതീഷ്കുമാർ കമ്മിറ്റി അംഗങ്ങളായ ബാബുലാൽ, ശ്രീനിവാസൻ, രാജീവ് തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. പ്രാവച്ചമ്പലം, ഊക്കോട്, കല്ലിയൂർ വഴി പൂങ്കുളത്തെത്തി ഇന്നലത്തെ പ്രചാരണം അവസാനിച്ചു.

# പണിതീരാത്ത മേൽക്കൂര ദുരന്തത്തിന് ഇടയാക്കുമെന്ന് ആശങ്ക

പാലക്കാട്: ടൗൺ ബസ് സ്റ്റാൻഡ് കെട്ടിടത്തിൻറെ മുകളിലായി ഇരുമ്പു കൊണ്ട് നിർമിച്ച പൂർത്തിയാകാത്ത മേൽക്കൂരയുടെ നാൽപ്പതോളം കാലുകൾ തുരുമ്പെടുത്തു വേർപെട്ടതിനാൽ വലിയ ദുരന്തത്തിന് ഇടയാക്കുമെന്ന് ആശങ്ക.

നൂറുകണക്കിന് ബസുകളും യാത്രക്കാരും വന്നുപോകുന്ന ബസ് സ്റ്റാൻഡ് കെട്ടിടത്തിൻറെ കാലപ്പഴക്കം മൂലമുള്ള ചോർച്ച ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി പത്തുവർഷം മുമ്പ് സുരക്ഷാക്രമീകരണം ലക്ഷ്യംവച്ച് നഗരസഭ നിർമിച്ച് പാതിവഴിയിലായ മേൽക്കൂരകൾ വലിയ അപകടത്തിന് വഴിവയ്ക്കുന്ന തരത്തിലാണ് നിലനിൽക്കുന്നത്.

ശക്തമായ കാറ്റ് ഉണ്ടായാൽ മേൽക്കൂര നിലംപൊത്തുകയും വലിയ ദുരന്തം ഉണ്ടാകുകയും ചെയ്യുമെന്നു ചൂണ്ടിക്കാട്ടി സാമൂഹ്യ പ്രവർത്തകൻ നിഖിൽ കൊടിയത്തൂർ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, നഗരസഭാ സെക്രട്ടറി തുടങ്ങിയവർക്ക് അടിയന്തര ഇമെയിൽ സന്ദേശം അയച്ചു. റൂഫിംഗ് ഷീറ്റ് ഇടാൻ ഇരുമ്പു കൊണ്ടുള്ള കാലും ഫ്രെയിമുകളും നിർമിച്ചതു പൂർത്തീകരിക്കാത്തതിലൂടെ ലക്ഷങ്ങളുടെ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അധികാരികളുടെ ഇത്തരം അലംഭാവങ്ങൾ സമൂഹത്തോടുള്ള വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.

വിഷയത്തിൻറെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ജില്ലാ ഭരണകൂടം പ്രശ്നപരിഹാരത്തിന് ജാഗ്രതയോടെ ഇടപെടണമെന്നും നിഖിൽ കൊടിയത്തൂർ പരാതിയിൽ പറഞ്ഞു.

# നെയ്യാറ്റിൻകര: കുടിവെള്ളത്തിനായി നെട്ടോട്ടം

നെയ്യാറ്റിൻകര: വേനൽ കടുത്ത തോടെ നെയ്യാറ്റിൻകരയിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളത്തിനായി നെട്ടോട്ടമോടി പ്ര ദേശവാസികൾ. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട അപാകതകളെച്ചൊല്ലി അധികൃതർക്കെതിരെ ആക്ഷേപം ശക്തം.

നെയ്യാറിൽ വെള്ളത്തിൻറെ തോതു കുറവായ സാഹചര്യത്തിൽ മേഖലയിലെ ചിലയിടങ്ങളിൽ കിണറുകളിലും വെള്ളം കുറഞ്ഞിട്ടുണ്ട്. വാട്ടർ അഥോറിറ്റിയുടെ കുടിവെള്ള വിതരണത്തിൽ നേരത്തെ തന്നെ വ്യാപകമായ പരാതിയുണ്ട്. നഗരസഭ പ്രദേശങ്ങളിലെ വാർഡുകളിൽ പോലും ദിവസവും ജലവിതരണം നടക്കാറില്ലെന്നാണ് ആരോപണം.

എട്ടു ദിവസത്തിലൊരിക്കലാണ് ചിലയിടത്ത് കുടിവെള്ള വിതരണം നടക്കുന്നത്. ആലംപൊറ്റ വാർഡിൽ ടാങ്കറിൽ കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ട്. മരുതത്തൂർ വാർഡിൽ കുടിവെള്ള വിതരണം കൃത്യമായി നടക്കാറില്ലെന്നും പരാതിയുണ്ട്.

മരുതത്തൂർ, ചായ്ക്കോട്ടുകോണം, വെൺകുളം ഭാഗങ്ങളിൽ വാട്ടർ അഥോറിറ്റിയുടെ കുടിവെള്ള വിതരണം ആറു ദിവസത്തിലൊരിക്കലായി പരിമിതപ്പെടുത്തിയെന്ന് ആരോപിച്ച് ബിജെപി കൗൺസിലർമാർ ഈയിടെ നെയ്യാറ്റിൻകര വാട്ടർ അഥോറിറ്റിയുടെ എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസിൽ പ്രതിഷേധ സമരം നടത്തിയിരുന്നു.

മറ്റൊരു പ്രധാന വിഷയം കുടിവെള്ള വിതരണ പൈപ്പുകളിലെ ചോർച്ചയാണ്. പൈപ്പ് പൊട്ടി ലിറ്റർ കണക്കിനു കുടിവെള്ളം പാഴാകുന്നത് നെയ്യാറ്റിൻകരയിലെ പതിവു കാഴ്ചയാണ്. പൈപ്പ് പൊട്ടിയാലും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുന്നില്ലെന്നും ആക്ഷേപമുണ്ട്.

കൊല്ലയിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഗാന്ധിമിത്ര മണ്ഡലം കൊല്ലയിൽ ഉപസമിതി പ്രവർത്തക സമ്മേളനം ആവശ്യപ്പെട്ടു.

നെയ്യാർ ഡാമിൽ നിന്നുള്ള ഇടതുകര കനാലിലെ ജലം അധികൃതരുടെ അനാസ്ഥയാൽ നടൂർക്കൊല്ല വലിയ തോടിലൂടെ നെയ്യാറിലേയ്ക്ക് ഒഴുകുകയാണ്. യഥാർഥത്തിൽ ഈ വെള്ളം മരുതത്തൂർ ചാനലിയേക്കും കൈവഴികളിലേക്കും എത്തേണ്ടതാണ്. വെള്ളം എത്താത്തതിനാൽ പദ്ധതി പ്രദേശങ്ങളായ മാങ്കോട്ടുകോണം, പാലപ്പള്ളി, പെരുമ്പോട്ടുകോണം, നടൂർക്കൊല്ല, ഓണംകോട്, കുളത്താമൽ, കൊടവിളാകം, ചായ്ക്കോട്ടുകോണം മുതലായവിടങ്ങളിലെ കിണറുകളിൽ പലതിലും ഈ വേനലിൽ വരണ്ടുതുടങ്ങി.

ഒരു കിലോമീറ്ററിലധികം ദൂരം സഞ്ചരിച്ച് കുടിവെള്ളം ശേഖരിക്കേണ്ട അവസ്ഥയാണിവിടങ്ങളിലെന്നും ഗാന്ധിമിത്രമണ്ഡലം പ്രവർത്തകർ പറയുന്നു. ജലസേചന വകുപ്പ് മന്ത്രിക്ക് ഇതു സംബന്ധിച്ച നിവേദനം നൽകിയതായും ഉപസമിതി ഭാരവാഹികൾ അറിയിച്ചു.

# ഉണ്ടൻകോട് സെൻറ് ജോസഫ് ഫൊറോന ദേവാലയ ഇടവക തിരുനാൾ ഇന്നു മുതൽ

നിലമാമൂട്: ഉണ്ടൻകോട് സെൻറ് ജോസഫ് ഫൊറോനാ ദേവാലയ ഇടവക തിരുനാളിനും ജീവിത നവീകരണ ധ്യാനത്തിനും ഇന്നു മുതൽ തുടക്കം കുറിക്കും.ഇന്നു വൈകുന്നേരം 5.30ന് ജപമാല, ലിറ്റിനി, ബിസിസി വാർഷകം, പൊതുയോഗം, കലാപരിപാടികൾ. നാളെ വൈകുന്നേരം 5.30ന് കെസിവൈഎംഎയുടെ വാർഷിക പൊതുയോഗം, കലാപരിപാടികൾ. 20ന് വൈകുന്നേരം ആറിനു ദിവ്യബലി, പരേതസ്മരണ സെമിത്തേരിയിൽ ആശീർവാദം, മതബോധന വാർഷികം.

21ന് വൈകുന്നേരം ഇടവക തിരുനാൾ കൊടിയേറ്റ് ഇടവക വികാരി ഫാ. ജോസഫ് അനിൽ നിർവഹിക്കും. ആറിനു നെയ്യാറ്റിൻകര രൂപതാ കോർഡിനേറ്റർ മോൺ. പി.പി. ജോയിയുടെ മുഖ്യകാർമികത്വത്തിൽ തിരിനാൾ പ്രാരംഭ ദിവ്യബലി. ഫാ. ക്ലിൻറ് വെട്ടിക്കുഴിയിൽ വചനസന്ദേശം നൽകും. 21 മുതൽ 24 വരെ വൈകുന്നേരം 6.30ന് ഫാ. ക്ലിൻറ് വെട്ടിക്കുഴിയിൽ എംസിബിഎസ് ടീം നയിക്കുന്ന ജീവിത നവീകരണ ധ്യാനം. 22ന് വൈകുന്നേരം ആറിനു നെയ്യാറ്റിൻകര രൂപതാ ചാൻസിലർ ഫാ. ജോസ് റാഫേലിൻറെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി, 23ന് വൈകുന്നേരം ആറു മുതൽ ഫാ. ജയരാജിൻറെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി,

24ന് വൈകുന്നേരം ആറു മുതൽ ഫാ. ക്ലിൻറിൻറെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി. 25നു രാവിലെ 6.30ന് ഫാ. സബിൻ പത്രോസിൻറെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി. 26ന് രാവിലെ 6.30ന് ഫാ. പ്രദീപ് ആന്!റായുടെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി. 27ന് വൈകുന്നേരം ആറിനു ഫാ. ഹെൻസിലിൻറെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി, ഫാ. ഫ്രാങ്ക്ളിൻ വചന സന്ദേശം നൽകും. 28നു രാവിലെ ഏഴിനു ഫാ. ജോസഫ് അനിലിൻറെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി.

# കൊറ്റംപള്ളിയിൽ ടിപ്പർ ഉടമയെ കൊലപ്പെടുത്താൻ ശ്രമം: രണ്ടുപേർ പിടിയിൽ

കാട്ടാക്കട: കാട്ടാക്കട കൊറ്റംപള്ളിയിൽ ടിപ്പർ ഉടമയെ വെട്ടികൊലപ്പെടുത്താൻ ശ്രമം നടത്തിയ കേസിൽ രണ്ടു പേർ പിടിയിൽ. മാറനല്ലൂർ കൂവളശേരി നവോദയ ലെയിൻ വിലാസത്തിൽ കൂവളശേരി നെടുമ്പാറ പൂവൻവിള റോഡരികത്ത് വീട്ടിൽ ടൂൾ കുട്ടൻ എന്ന മിഥുൻനായർ (26), ഊരൂട്ടമ്പലം വെള്ളൂർക്കോണം അജിതാ ഭവനിൽ ബ്രഹ്മദത്തൻ (26 ) എന്നിവരെയാണ് കാട്ടാക്കട പോലീസ് പിടികൂടിയത്.

ചൊവ്വാഴ്ച രാത്രിയിലാണ് സംഭവം. കൊറ്റംപള്ളി കിഴമച്ചൽ സ്വദേശി മണികണ്ഠൻ എന്ന ഉത്തമനെ പ്രതികളായ രണ്ടുപേരും ചേർന്ന് കൊറ്റംപള്ളി ജംഗ്ഷനിൽ വച്ച് വെട്ടുകത്തികൊണ്ട് വെട്ടുകയായിരുന്നു. കഴുത്തിൽ വെട്ടേറ്റ ഉത്തമൻ സംഭവസ്ഥലത്ത് കുഴഞ്ഞുവീഴുകയും നാട്ടുകാർ ചേർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.പ്രതികൾ ബൈക്കിൽ രക്ഷപ്പെട്ടു. ടിപ്പർ ലോറി ഉടമയാണ് ഉത്തമൻ. ലോറിയുടെ ഡ്രൈവറാണ് മിഥുൻ. തന്നെ ജോലിയിൽ നിന്നും പിരിച്ചുവിട്ട വൈരാഗ്യത്തിലാണു മിഥുനും സുഹൃത്തും കൊലപ്പെടുത്താൻ ശ്രമിച്ചതെന്ന് പോലീസ് പറയുന്നു. കാട്ടാക്കട തോടതി റിമാൻഡ് ചെയ്തു.

# സാംസ്കാരികനിലയത്തിൽ തയ്യൽ മെഷീനുകളെത്തിച്ചു; സിപിഎം പ്രതിഷേധത്തെ തുടർന്ന് തിരിച്ചയച്ചു

കാട്ടാക്കട: മാറനല്ലൂർ പഞ്ചായത്തംഗത്തിൻറെ നേതൃത്വത്തിൽ സാംസ്കാരിക നിലയത്തിലെത്തിച്ച തയ്യൽ മെഷീനുകൾ സിപിഎം പ്രതിഷേധത്തെതുടർന്നു കൊണ്ടുവന്ന വാഹനത്തിൽ തന്നെ തിരിച്ചയച്ചു.

ഇന്നലെ രാവിലെ എട്ടുമണിയോടെയാണ് മാറനല്ലൂർ പഞ്ചായത്തംഗം എൻ. ഷിബുവിൻറെ നേതൃത്വത്തിൽ ലോറിയിൽ കൊണ്ടുവന്ന 153 തയ്യൽ മെഷീനുകൾ സാംസ്കാരിക നിലയത്തിൽ ഇറക്കി വച്ചത്. തുടർന്ന് ഇവിടെയെത്തിയ സിപിഎം പ്രവർത്തകർ പ്രതിഷേധിക്കുകയും ഇറക്കിവച്ച മെഷീനുകൾ തിരികെ കൊണ്ടു പോകണമെന്ന് അറിയിക്കുകയുമായിരുന്നു.

ഇലക്ഷൻ കമ്മീഷൻ അധികൃതർക്ക് പരാതി നൽകിയതിനെ തുടർന്ന് അധികൃതരെത്തി പരിശോധന നടത്തുകയും പഞ്ചായത്തിൻറെ അനുമതിയില്ലാതെ സാംസ്കാരികനിലയിത്തിൽ ഇവ സൂക്ഷിക്കാൻ പാടില്ലെന്നും പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഇപ്പോൾ വിതരണം ചെയ്യാൻ പാടില്ലെന്നും അറിയിച്ചു.പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനു വേണ്ടിയാണു തയ്യൽ മെഷീനുകൾ എത്തിച്ചതെന്നാണ് പഞ്ചായത്തംഗം ഷിബു പറഞ്ഞത്. നാഷണൽ എൻജിഒ കോൺഫഡറേഷൻ എന്ന സംഘടന വഴിയാണ് ഇത്തരത്തിൽ തയ്യൽ മെഷീനുകൾ വിതരണം നടത്തുന്നത്. കൊല്ലം ജില്ലയിലും ഇത്തരത്തിൽ വനിതകൾക്ക് സ്കൂട്ടർ, വിദ്യാർഥികൾക്ക് ലാപ്ടോപ്പ് എന്നിവയുടെ വിതരണവും നടന്നിട്ടുണ്ടെന്നും പഞ്ചായത്തംഗം പറഞ്ഞു.

തയ്യൽ മെഷീൻറെ പകുതി വില മാത്രം ഈടാക്കിയാണ് ഇവർക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഇലക്ഷൻ കഴിഞ്ഞ ശേഷമാണ് ഇതു വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും സൂക്ഷിക്കാൻ വേണ്ടിയാണ് സാംസ്കാരിക നിലയത്തിൽ ഇറക്കി വച്ചതെന്നും, പഞ്ചായത്ത് പ്രസിഡൻറിനോട് ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടെന്നും, ഷിബു പറഞ്ഞു.

## തെരഞ്ഞെടുപ്പ്: ജീവനക്കാർക്ക് നാളെ പരിശീലനം നൽകും

തിരുവനന്തപുരം:പാർലമെൻറ് തെരഞ്ഞെടുപ്പ് ജോലികൾക്കായി തിരുവനന്തപുരം ജില്ലയിൽ നിയോഗിച്ചിട്ടുള്ള പോളിംഗ് ഉദ്യോഗസ്ഥർക്ക് 15 മുതൽ 18 വരെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ രണ്ടാംഘട്ട പരിശീലനം നൽകി വന്നി രുന്നു.ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ കഴിയാത്ത ജീവനക്കാർക്ക് നാളെ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ പരിശീലന പരിപാടി അതത് കേന്ദ്രങ്ങളിൽ നടത്തും. അന്നേദിവസം പോളിംഗ് ഉദ്യോഗസ്ഥർക്ക് പരിശീലന കേന്ദ്രങ്ങളിലെ ഫെസിലിറ്റേഷൻ സെൻററിൽ വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ ജെറോമിക് ജോർജ് അറിയിച്ചു.

## ജൽജീവൻ പദ്ധതിക്കെടുത്ത കുഴികൾ മൂടിയില്ലെന്ന് ആക്ഷേപം

നിലമാമൂട്: കുന്നത്തുകാൽ പഞ്ചായത്തിൽ കേന്ദ്ര സർക്കാരിൻറെ കീഴിലുള്ള ജലജീവൻ പദ്ധതിയ്ക്കായി പൈപ്പുകൾ സ്ഥാപിക്കാൻ റോഡുവക്കിലും റോഡു മുറിച്ചും എടുത്ത കുഴികൾ ഒരുവർഷം കഴിഞ്ഞിട്ടും മൂടിയിട്ടില്ലെന്ന് ആക്ഷേപം.എള്ളുവിള ചെറിയകൊല്ല വാർഡുകളിൽ പൈപ്പു ലൈനിനായി എടുത്ത ചാലുകൾ നികത്താത്തതിനാൽ കൊല്ല വാർഡിലെ ഉണ്ടൻകോട്കൊല്ലോട്ടുകുഴി ബണ്ടു റോഡു വക്കിലുള്ള തെങ്ങു മറിഞ്ഞിരുന്നു. ഇതുമൂലം ഉണ്ടൻകോട് സെൻറ് ജോൺസ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് വരുന്ന വിദ്യാർഥികൾ ഏറെ ബുദ്ധിമുട്ടുകയാണ്.

കുന്നത്തുകാൽ പഞ്ചായത്ത് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളും ഇടവഴികളും ടാർ ചെയ്യുകയും കോൺക്രീറ്റ് ചെയ്യുകയും ഇൻറർലോക്ക് ചെയ്യുകയും ചെയ്ത് സഞ്ചാര യോഗ്യമാക്കിയിരുന്നു. ഈ റോഡുകളാണ് വീണ്ടും കുത്തിപ്പൊളിച്ച് ഇപ്പോൾ സഞ്ചാരയോഗ്യമല്ലാതായത്.ഉണ്ടൻകോട്കൊല്ലോട്ടുകുഴി, വ്ളാങ്കുളം കൊല്ലോട്ടുകുഴി എന്നീ റോഡുകൾ വെട്ടിപ്പൊളിച്ചത് ഇതുവരെ മൂടിയിട്ടില്ല. കടുത്ത മഴയുണ്ടാകുമ്പോൾ ഇതുവഴി നടക്കാൻ പോലും സാധിക്കാത്ത നിലയാണ്. അടിയന്തിരമായി ഓടകളുടെ പണി പൂർത്തിയാക്കണമെന്നും നാട്ടുകാർ ആവശ്യപ്പെടുന്നുണ്ട്.

## ലോക്സഭാ തെരഞ്ഞെടുപ്പ്: വെഞ്ഞാറമൂട്ടിൽ പോലീസിൻറെ റൂട്ട് മാർച്ച്

വെഞ്ഞാറമൂട്: ഈമാസം 26ന് നടക്കുന്ന ലോക്സഭ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് മുന്നോടിയായി വെഞ്ഞാറമൂട് മേഖലയിൽ പോലീസ് റൂട്ട് മാർച്ച് സംഘടിപ്പിച്ചു. വെഞ്ഞാറമൂട് പോലീസും കേന്ദ്രസേനയും സംയുക്തമായാണ് റൂട്ട് മാർച്ച് നടത്തിയത്. കഴിഞ്ഞ വൈകുന്നേരമാണ്സംയുക്ത റൂട്ട് മാർച്ച് നടത്തിയത്.

വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ രാജേഷ്, സബ് ഇൻസ്പെക്ടർ ജ്യോതിഷ് ചിറവൂർ, എസ്ഐ മാരായ വിജയകുമാർ, ശശി, അജി സാമുവൽ, പോലീസ് സ്റ്റേഷനിലെ സേനാംഗങ്ങൾ സിഐഎസ്എഫ് ജവാന്മാർ തുടങ്ങിയവർ മാർച്ചിൽ അണിനിരന്നു.

# എലിവാലൻകോണത്തെ പന്നിഫാം പൂട്ടണമെന്ന ആവശ്യം ശക്തം

വെള്ളറട: ആര്യങ്കോട് പഞ്ചായത്തിൽ പശുവണ്ണറ വാർഡിൽ ഈരാറ്റിൻപുറം ഇക്കോ ടൂറിസം പദ്ധതിക്കു സമീപം ജനവാസ മേഖലയിൽ എലിവാലൻകോണത്ത് പ്രവർത്തിക്കുന്ന അനധികൃത പന്നിഫാം അടച്ചു പൂട്ടണമെന്ന് നാട്ടുകാർ.

പന്നിഫാമിൻറെ മറവിൽ വൻതോതിൽ നഗരമാലിന്യം ഇവിടെ എത്തിക്കുന്നതായും ഇതുമൂലം ദുർഗന്ധവും ഈച്ച കൊതുകുശല്യവും തെരുവുനായ ശല്യവും ഉണ്ടാകുന്നതായും നാട്ടുകാർ പരാതിപ്പെടുന്നു. നായ്ക്കളുടെ ആക്രമണംമൂലം പ്രദേശവാസികൾക്ക് വഴി നടക്കാൻ സാധിക്കാത്ത അവസ്ഥയാണ്. മഴക്കാലത്ത് മാലിന്യം തോടുകളിലൂടെ നെയ്യാറിലേക്കും കുടിവെള്ള സ്രോതസുകളിലേക്കും ഒഴുകിയിറങ്ങുന്നതും പതിവാണ്.ഫാം പൂട്ടണമെന്നും മാലിന്യം നീക്കം ചെയ്യാൻ നടപടിവേണമെന്നുമാവശ്യപ്പെട്ടു നാട്ടുകാർ മുഖ്യമന്ത്രിക്കും, ജില്ലാ കളക്ടർക്കും, ആരോഗ്യ വകുപ്പ് ഡിഎംഒ, ആര്യങ്കോട് പഞ്ചായത്ത് എന്നിവിടങ്ങളിലും പരാതി നൽകിയിരുന്നെങ്കിലും നടപടിയുണ്ടാ യില്ല. ഇതിനിടെ ഫാം നടത്തിപ്പുകാരും ഭൂവുടമകളും നാട്ടുകാരെ ഭീഷണിപ്പെടുത്താൻ ശ്രമിക്കുന്നതായും ആരോപണമുണ്ട്.

പന്നിഫാം മാറ്റണമെന്നാവശ്യപ്പെട്ട് നാട്ടുകാർ സ്ഥാപിച്ച ഫ്ലക്സ് ബോർഡുകൾ നശിപ്പിച്ചതായും പരാതിയുണ്ട്. അധികൃതർ തുടർനടപടികൾ സ്വീകരിച്ചില്ലെങ്കിൽ സമരപരിപാടികളുമായി രംഗത്തിറങ്ങാനാണ് നാട്ടുകാരുടെ തീരുമാനം.

ഇതു സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനു നൽകിയ പരാതിയെത്തുടർന്ന് ഫാം പ്രവർത്തിക്കുന്നത് അനധികൃതമായാണെന്നും മാലിന്യ നിർമാർജന സംവിധാനങ്ങളില്ലാത്തതിനാൽ പക്ഷികൾ മാലിന്യം കൊത്തിയെടുത്ത് കുടിവെള്ള സ്രോതസുകളിൽ ഇടുന്നതായും കണ്ടെത്തിയിരുന്നു.പന്നിയുടെ വിസർജ്യം തുറസായ സ്ഥലത്ത് നിക്ഷേപിക്കുന്നതായും എൻവയോൺമെൻറൽ എൻജിനീയർ കണ്ടെത്തി. ഫാം പൂട്ടാനും പ്രദേശത്തെ മാലിന്യം നീക്കം ചെയ്യാനും നിർദേശിച്ച് ആര്യങ്കോട് പഞ്ചായത്ത് സെക്രട്ടറിക്ക് മലിനീകരണ നിയന്ത്രണ ബോർഡ് ഒരു മാസം മുൻപ് തന്നെ നിർദേശം നൽകിയിരുന്നു.

എന്നാൽ ഫാമിനെതിരെ നടപടി സ്വീകരിക്കാൻ പഞ്ചായത്തികൃതർ തയാറാകുന്നില്ലെന്നും ആക്ഷേപം ഉയരുന്നുണ്ട്.

## പ്രൊവിഷൻ സ്റ്റോറിന് തീ പിടിച്ചു

പേരൂർക്കട: തമ്പാനൂരിൽ പ്രൊവിഷൻ സ്റ്റോറിന് തീ പിടിച്ച് നാശനഷ്ടം. എസ്.എസ്. കോവിൽ റോഡിൽ പ്രവർത്തിക്കുന്ന സതീഷ് പ്രൊവിഷൻ സ്റ്റോറിലായിരുന്നു ഇന്നലെ ഉച്ചതിരിഞ്ഞ് 2.30 ഓടെ അഗ്നിബാധയുണ്ടായത്. ഷോർട്ട് സർക്യൂട്ടാണ് തീ പിടിത്തത്തിനു കാരണമെന്നാണു പ്രാഥമിക നിഗമനം. തിരുവനന്തപുരം ഫയർസ്റ്റേഷൻ ഓഫീസിൽ നിന്ന് ഗ്രേഡ് എഎസ്ടിഒ ജയകുമാറിൻറെ നേതൃത്വത്തിലുള്ള സംഘം ഒരുമണിക്കൂർ പരിശ്രമിച്ചാണ് തീ കെടുത്തിയത്.

## മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഉൽപ്പാദിപ്പിച്ച് ഇൻ്റഗ്രേഷൻ ഫാമുകളിൽ വളർത്തിയെടുത്ത ഒരു മാസം പ്രായമായ ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികളും, ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴികളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വിശദ വിവരങ്ങൾക്ക്: 9495000915, 04712468585.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# എണ്ണത്തിൽ മാത്രമല്ല, നിലപാടിലും ആറന്മുള മുന്നിൽ

പത്തനംതിട്ട: പത്തനംതിട്ട എന്ന പേരിൽ ഒരു ലോക്സഭാ മണ്ഡലമുണ്ടെങ്കിലും ഇതേ പേരിൽ ഒരു നിയമസഭാ മണ്ഡലം ഇല്ലാത്ത ജില്ല കൂടിയാണ് പത്തനംതിട്ട. ജില്ലകളുടെ പേരിൽ ലോക്സഭാ മണ്ഡലമുണ്ടായിട്ടും നിയമസഭാ മണ്ഡലം ഇല്ലാത്തത് പത്തനംതിട്ട കൂടാതെ വയനാട് മാത്രമാണ്.

പത്തനംതിട്ട എന്ന പേരിൽ തന്നെ ഒരു മണ്ഡലം മുന്പുണ്ടായിരുന്നു. 2009ലെ മണ്ഡല പുനർവിഭജനത്തോടെ ഈ മണ്ഡലത്തിൻറെ ഭൂരിഭാഗം പ്രദേശങ്ങളും ആറന്മുള മണ്ഡലത്തിനൊപ്പം ചേർത്തു. ഇതോടെ പഴയ ആറന്മുളയും പത്തനംതിട്ടയും തിരുവല്ലയുടെ ചില ഭാഗങ്ങളുമെല്ലാം കൂടി ചേർത്ത് വിസ്തൃതിയിലും വോട്ടർമാരുടെ എണ്ണത്തിലും ആറന്മുള മുന്നിലെത്തി.

സംസ്ഥാനത്തു തന്നെ ഏറ്റവുമധികം വോട്ടർമാരുള്ള മണ്ഡലമാണ് ആറന്മുള. ഇത്തവണ 2,36,632 വോട്ടർമാർ ആറന്മുളയിലുണ്ട്. ഇവരിൽ 1,24,531 സ്ത്രീകളും 1,12,100 പുരുഷൻമാരും ആറന്മുളയിൽ വോട്ടവകാശം വിനിയോഗിക്കാനുണ്ടാകും.

വിസ്തൃതിയിലും എണ്ണത്തിലും മുന്നിലെത്തിയതിനൊപ്പം ആറന്മുളയുടെ നിലപാടുകൾക്കും പ്രസക്തിയേറി. മണ്ഡല പുനർവിഭജനത്തിനുശേഷം ആദ്യ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് അനുകൂലമായി വിധിയെഴുതിയ മണ്ഡലം ലോക്സഭാ തെരഞ്ഞെടുപ്പുകളിലും യുഡിഎഫിനെയാണ് പിന്തുണയ്ക്കാറുള്ളത്. എന്നാൽ 2016, 2021 നിയമസഭാ തെരഞ്ഞെടുപ്പുകളിൽ എൽഡിഎഫിനോടാണ് ആറന്മുള വിധേയത്വം കാട്ടിയത്.

കേന്ദ്രബിന്ദുവായി ആറന്മുള

പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ലോക്സഭാ മണ്ഡലത്തിൻറെ ആസ്ഥാനമാണ് പത്തനംതിട്ട ഉൾപ്പെടുന്ന ആറന്മുള മണ്ഡലം. സ്ഥാനാർഥികൾ ഒരു ദിവസം കൊണ്ട് ആറന്മുള മണ്ഡല പര്യടനം പൂർത്തിയാക്കാറില്ല. മുന്നണി സ്ഥാനാർഥികൾ മൂവർക്കും ഏറെ പ്രതീക്ഷയുള്ള മണ്ഡലം കൂടിയാണ് ആറന്മുള.

പ്രചാരണ വിഷയങ്ങളിലും വൈവിധ്യങ്ങളുണ്ടായി. രാഷ്ട്രീയപരമായ സ്വാധീനം ഉപയോഗപ്പെടുത്താനാണ് യുഡിഎഫ്, എൽഡിഎഫ്, എൻഡിഎ സ്ഥാനാർഥികളും പ്രവർത്തകരും ശ്രമിക്കുന്നത്.

നേതാക്കൻമാർ നേരിട്ടു തന്നെ പ്രചാരണം നിയന്ത്രിക്കുന്ന മണ്ഡലമെന്ന പ്രത്യേകത കൂടി ആറന്മുളയ്ക്കുണ്ട്. ലോക്സഭാ മണ്ഡലത്തിൻറെ കൺവൻഷനുകൾ നടന്നതും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് പ്രവർത്തിക്കുന്നതുമെല്ലാം ആസ്ഥാന മണ്ഡലത്തിലാണ്. കേന്ദ്ര, സംസ്ഥാന നേതാക്കൾ തെരഞ്ഞെടുപ്പു പര്യടനത്തിനെത്തുന്നതും പത്തനംതിട്ടയിലേക്കാണ്. അതുകൊണ്ടുതന്നെ ലോക്സഭാ മണ്ഡലത്തിൻറെ പ്രചാരണം നിയന്ത്രിക്കുന്ന കേന്ദ്രബിന്ദു ആറന്മുളയായി മാറിയിട്ടുണ്ട്.

# ലോക്സഭാ തെരഞ്ഞെടുപ്പ് : വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിംഗ് തുടങ്ങി

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പത്തനംതിട്ട മണ്ഡലത്തിൽ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളുടെയും വിവിപാറ്റിൻറെയും കമ്മീഷനിംഗിന് ഇന്നലെ തുടക്കമായി. ഇന്ന് പൂർത്തിയാകും.

കമ്മീഷനിംഗിൻറെ ഭാഗമായി ബാലറ്റ് യൂണിറ്റ്, കൺട്രോൾ യൂണിറ്റ്, വിവിപാറ്റ് എന്നിവ വോട്ട് ചെയ്യുന്നതിന് സജ്ജമാക്കുന്ന പ്രവർത്തനങ്ങളാണ് ആരംഭിച്ചത്. തരംതിരിക്കലിനു ശേഷം അതാത് മണ്ഡലങ്ങളിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളും വിവിപാറ്റും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ ഉറപ്പുവരുത്തിയതിനു ശേഷമാണ് കമ്മീഷനിംഗിനായി കൗണ്ടറുകളിലേക്ക് എത്തിച്ചത്.

കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജ് (കാഞ്ഞിരപ്പള്ളിപൂഞ്ഞാർ നിയോജക മണ്ഡലങ്ങൾ), കുറ്റപ്പുഴ മാർത്തോമ്മ റസിഡൻഷ്യൽ സ്കൂൾ (തിരുവല്ല), റാന്നി സെൻറ് തോമസ് കോളജ് (റാന്നി), മൈലപ്ര മൗണ്ട് ബഥനി ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂൾ (ആറന്മുള), എലിയറയ്ക്കൽ അമൃത വിഎച്ച്എസ്എസ് (കോന്നി), അടൂർ ബിഎഡ് സെൻറർ (അടൂർ) എന്നീ സ്ട്രോംഗ് റൂമുകളിലാണ് കമ്മീഷനിംഗ് നടക്കുന്നത്.

ഓരോ നിയമസഭാ മണ്ഡലങ്ങളിലെയും ബൂത്തുകളിലേക്ക് ലഭ്യമാക്കേണ്ട വോട്ടിംഗ് യന്ത്രങ്ങളും വിവിപാറ്റും ഏതൊക്കെയെന്ന് നിശ്ചയിച്ച് ബാലറ്റ് യൂണിറ്റിൽ ബാലറ്റ് പേപ്പർ സെറ്റ് ചെയ്ത് കൺട്രോൾ യൂണിറ്റും സജ്ജമാക്കും. ഇതിനുശേഷം മോക് പോൾ നടത്തി കൃത്യത ഉറപ്പു വരുത്തിയതിനു ശേഷം സ്ട്രോംഗ് റൂമുകളിലേക്ക് മാറ്റും.

ഏതെങ്കിലും മെഷീൻ തകരാറിലായാൽ, പകരം ഉപയോഗിക്കുന്നതിനായി റിസർവ് എന്ന നിലയിൽ കൂടുതൽ മെഷീനുകൾ ഓരോ നിയോജക മണ്ഡലങ്ങളിലേക്കും കരുതിയിട്ടുണ്ട്. കമ്മീഷനിംഗ് പ്രക്രിയ പൂർത്തിയാക്കുന്നതിനു മുന്പായി അഞ്ചു ശതമാനം മോക്പോൾ ഉറപ്പു വരുത്തും.

# പത്തുവർഷം കൊണ്ട് ഇന്ത്യയെ മോദി കോർപ്പറേറ്റുകൾക്ക് വിറ്റുതുലച്ചു : പ്രകാശ് കാരാട്ട്

നെടുമങ്ങാട് : മോദി സർക്കാർ പത്തുവർഷം കൊണ്ട് ഇന്ത്യയെ കോർപ്പറേറ്റുകൾക്ക് വിറ്റുതുലച്ചു എന്ന് സിപിഎം മുൻ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് പറഞ്ഞു. ആറ്റിങ്ങൽ എൽഡിഎഫ് സ്ഥാനാർഥി വി .ജോയിയുടെ തെരഞ്ഞെടുപ്പു പൊതുയോഗം ഉദ്ഘാടനം ചെയ്ത് കരകുളത്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.ഹിന്ദു രാഷ്ട്രം എന്നുകേൾക്കുമ്പോൾ അതേക്കുറിച്ചു വലിയ ധാരണകളൊന്നുമില്ലാത്ത ചിലർക്കെങ്കിലും കൊള്ളാമല്ലോ എന്നു തോന്നിപ്പോയേക്കും. ആ അജ്ഞതയെ മുതലാക്കി രാജ്യത്തെ അപകടപ്പെടുത്താനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യോഗത്തിൽ ഷെരീഫ് അധ്യക്ഷനായി. എസ്.എസ്.രാജ മന്ത്രി വി .ശിവൻകുട്ടി , മന്ത്രി ജി .ആർ.അനിൽ, സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ, സി.ജയൻബാബു, എ .എ.റഹിം, നീലലോഹിതദാസൻ നാടാർ, അഡ്വ.ആർ ജയദേവൻ, വി.അമ്പിളി, ജെ .എസ്.ഷിജുഖാൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ജില്ലയിൽ 1290 ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പിൽ ജില്ലയിൽ ഉപയോഗിക്കുന്നത് 1290 ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ. ജില്ലയുടെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലുമായി വിതരണം ചെയ്തിട്ടുള്ളത് 1397 വിവിപാറ്റുകളും 1290 വീതം ബാലറ്റ് യൂണിറ്റുകളും കൺട്രോൾ യൂണിറ്റുകളുമാണ്.

റിസർവ് മെഷീനുകൾ അടക്കമുള്ള കണക്കാണിത്.

ഏതെങ്കിലും യന്ത്രങ്ങൾക്ക് പ്രവർത്തന തകരാർ സംഭവിച്ചാൽ പകരം അതത് സെക്ടർ ഓഫീസർമാർ വഴി റിസർവ് മെഷീനുകൾ എത്തിക്കും. നിലവിൽ വോട്ടിംഗ് മെഷീനുകൾ അസിസ്റ്റൻറ് റിട്ടേണിംഗ് ഓഫീസർമാരുടെ (എആർഒ) കസ്റ്റഡിയിൽ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുകയാണ്.

രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ പ്രാഥമിക പരിശോധന (എഫ്എൽസി) പൂർത്തിയാക്കിയ ശേഷം തെരഞ്ഞെടുത്ത് സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരുന്ന ഇവിഎമ്മുകളാണ് ലോക്സഭാ തെരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നത്.

# വീട്ടിൽ വോട്ട്: ജില്ലയിൽ വോട്ട് ചെയ്തത് 4,476 പേർ

തിരുവനന്തപുരം:85 വയസ് പിന്നിട്ട മുതിർന്ന വോട്ടർമാർക്കും 40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിയുള്ള വോട്ടർമാർക്കും സുരക്ഷിതമായ വോട്ടിംഗ് ഉറപ്പാക്കി വീട്ടിൽ വോട്ട്.

85 വയസ് പിന്നിട്ടവർക്കും ഭിന്നശേഷി വോട്ടർമാർക്കും വീട്ടിൽതന്നെ വോട്ട് ചെയ്യാനുള്ള സംവിധാനത്തിലൂടെ തിരുവനന്തപുരം ജില്ലയിൽ രണ്ട് ലോക്സഭാ മണ്ഡലങ്ങളിലുമായി ഇതുവരെ വോട്ട് രേഖപ്പെടുത്തിയത് 4,476 പേർ. ആബ്സൻറീസ് വോട്ടർ വിഭാഗത്തിൽപ്പെടുത്തിയാണ് ഇവർക്ക് വോട്ട് ചെയ്യുന്നതിനു തെരഞ്ഞെടുപ്പ് കമ്മീഷൻ സൗകര്യം ഒരുക്കുന്നത്.12 ഡി പ്രകാരം അപേക്ഷ നൽകിയ അർഹരായ വോട്ടർമാരുടെ വീടുകളിൽ സ്പെഷൽ പോളിംഗ് ടീമുകൾ എത്തിയാണ് വോട്ട് ചെയ്യിപ്പിക്കുന്നത്. ഒരു പോളിംഗ് ഓഫീസർ, ഒരു മൈക്രോ ഓബ്സർവർ, പോളിംഗ് അസിസ്റ്റൻറ്, പോലീസ് ഉദ്യോഗസ്ഥൻ, വീഡിയോഗ്രാഫർ എന്നിവരാണ് സംഘത്തിലുള്ളത്. വീട്ടിൽ വോട്ട് പ്രക്രിയ പൂർണമായും വീഡിയോയിൽ ചിത്രീകരിക്കും. വിവിധ രാഷ്ട്രീയപാർട്ടികളുടെ ഏജൻറുമാരുടെ സാന്നിധ്യത്തിലാണ് വോട്ട് ചെയ്യുന്നത്.

കഴിഞ്ഞ തിങ്കളാഴ്ച ആരംഭിച്ച വീട്ടിൽ വോട്ടിൽ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ 1,748 പേരും ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിൽ 2,728 പേരും ഇതിനകം വോട്ട് ചെയ്തു. 85 വയസ് പിന്നിട്ട മുതിർന്ന വോട്ടർമാരുടെ വിഭാഗത്തിൽ തിരുവനന്തപുരത്ത് 1,406 പേരും ആറ്റിങ്ങലിൽ 1,868 പേരും വീട്ടിൽ വോട്ട് ചെയ്തു.

ഭിന്നശേഷി വിഭാഗത്തിൽ തിരുവനന്തപുരം മണ്ഡലത്തിൽ 342 പേരും ആറ്റിങ്ങൽ മണ്ഡലത്തിൽ 860 പേരും വോട്ട് രേഖപ്പെടുത്തി. സീൽചെയ്ത പെട്ടിയിലാണ് വോട്ട് ചെയ്ത ബാലറ്റ് പേപ്പർ സൂക്ഷിക്കുന്നത്. വോട്ടിംഗിൻറെ രഹസ്യസ്വഭാവം നിലനിർത്തി വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം പോളിംഗ് സംഘം ഒരുക്കി നൽകും. രാവിലെ ഒന്പതു മുതൽ വൈകുന്നേരം ആറു വരെയാണ് വോട്ടിംഗ് സമയം.

ബാലറ്റ് പേപ്പറടങ്ങിയ സീൽ ചെയ്ത പെട്ടികൾ അതത് ദിവസം തന്നെ പോലീസ് സുരക്ഷയിൽ വരണാധികാരിക്ക് കൈമാറും. കളക്ടറേറ്റിലെ സ്ട്രോംഗ് റൂമിലാണ് ഇവ സൂക്ഷിക്കുന്നത്. വോട്ടിംഗിൻറെ സുരക്ഷയും രഹസ്യസ്വഭാവവും സൂക്ഷിക്കുന്നതിന്, വീട്ടിൽ വോട്ട് പ്രക്രിയയുടെ ആദ്യാവസാനം വരെ ക്യാമറയിൽ പകർത്തുന്നുമുണ്ട്. 22 വരെയാണ് ഇപ്രകാരം വോട്ടു ചെയ്യാൻ അവസരമുള്ളത്.

# തണ്ണിത്തോട് കുടിവെള്ള പദ്ധതി വൃഷ്ടിപ്രദേശത്തു കാടുകയറി

തണ്ണിത്തോട്: തണ്ണിത്തോട് കുടിവെള്ളപദ്ധതിയുടെ വൃഷ്ടിപ്രദേശത്ത് മൺപുറ്റുകൾ. പുറ്റുകളിൽ കാടുകയറിയതോടെ സ്രോതസിലേക്കുള്ള നീരൊഴുക്കിനും തടസമായി. മൺപുറ്റ് നീക്കി കാടു തെളിക്കാൻ എല്ലാ വർഷവും പണം അനുവദിക്കാറുണ്ടെങ്കിലും ജോലികൾ കൃത്യമല്ലെന്ന് പറയുന്നു.

പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം രണ്ടുതവണ മാത്രമാണ് കാടു നീക്കം ചെയ്തിട്ടുള്ളതെന്ന് സമീപവാസിയായ ജോയിക്കുട്ടി ചേടിയത്ത് പറഞ്ഞു. മാലിന്യം കലർന്ന ജലമാണ് തണ്ണിത്തോട് പഞ്ചായത്തു പ്രദേശത്ത് പന്പ് ചെയ്യുന്നത്.

മണ്ണ് നീക്കം ചെയ്യാത്തതിനാൽ സംഭരണിയിൽ ആവശ്യത്തിന് വെള്ളം ശേഖരിക്കാൻ സാധിക്കാത്തതിനാൽ പമ്പിംഗ് ഉച്ചയ്ക്കു ശേഷം നിർത്തിവയ്ക്കുകയാണ് പതിവ്. ജല അഥോറിറ്റി ഉദ്യോഗസ്ഥർ ആരുംതന്നെ പന്പിംഗ് സ്റ്റേഷനിലേക്ക് തിരിഞ്ഞു നോക്കുന്നില്ലെന്നാണ് പരാതി.

# 'സ്കൂളുകളിലേക്ക് ടേബിൾ ടെന്നീസ്" പദ്ധതി

തിരുവല്ല: സംസ്ഥാന ടേബിൾ ടെന്നീസ് അസോസിയേഷൻ (ടിടിഎകെ) 'സ്കൂളിലേക്ക് ടേബിൾ ടെന്നീസ്' പദ്ധതി നടപ്പാക്കും. തിരുവല്ല നിക്കോൾസൺ സിറിയൻ ഹയർ സെക്കൻഡറി സ്കൂളിൽ ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത പദ്ധതി ഉദ്ഘാടനം ചെയ്തു.

ടേബിൾ ടെന്നീസ് കളിയില്ലാത്ത സ്കൂളുകൾക്ക് ടേബിൾ സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും ഒരു സ്കൂളിനായിരിക്കും അക്കാഡമി തുടങ്ങാൻ ടേബിൾ നൽകുന്നത്.

നിക്കോൾസൺ സ്കൂളിന് വേണ്ടി മെത്രാപ്പോലീത്ത ടേബിൾ ഏറ്റുവാങ്ങി. സ്കൂൾ മാനേജർ ഗീത ടി. ജോർജ്, പ്രിൻസിപ്പൽ മെറിൻ മാത്യു, അസോസിയേഷൻ ജില്ലാ വൈസ് പ്രസിഡൻറ് റെജി പോൾ, സെക്രട്ടറി സുനിൽ കോശി ജോർജ്, ഭാരവാഹികളായ രാജൻ ജേക്കബ്, കെ.ഒ. ഉമ്മൻ, നൈനാൻ എം. കൊച്ചിയിൽ എന്നിവർ പ്രസംഗിച്ചു.

# ഐസക് കള്ളം പറയുന്പോഴും ആത്മവിശ്വാസം: വിഷ്ണുനാഥ്

ആറന്മുള: ആത്മവിശ്വാസത്തോടെയും അക്ഷരസ്ഫുടതയോടെയും കള്ളം പറയാൻ കഴിയുന്നയാളാണ് തോമസ് ഐസക്കെന്ന് എഐസിസി സെക്രട്ടറി പി.സി. വിഷ്ണുനാഥ് എംഎൽഎ. യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണിയുടെ ആറന്മുള ബ്ലോക്ക് പര്യടനം ആലുംതറ കോളനിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.ഉമ്മൻ ചാണ്ടി ഭരിക്കുന്ന കാലത്ത് പെൻഷൻ 18 മാസം കുടിശിക വന്നിട്ടില്ലെന്നും പോസ്റ്റ് ഓഫീസ് വിതരണത്തിൽനിന്നും ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ മോഡിലേക്ക് മാറിയപ്പോൾ ഉള്ള മൂന്നുമാസത്തെ കാലയളവിലാണ് തടസമുണ്ടായതെന്നും വിഷ്ണുനാഥ് ചൂണ്ടിക്കാട്ടി. 600 രൂപ ആയിരുന്ന പെൻഷൻ 1600 ആക്കിയത് ഐസക്കാണ് എന്നുള്ളത് പച്ചക്കള്ളമാണ്.

ഉമ്മൻചാണ്ടിയുടെ കാലത്ത് രണ്ടും മൂന്നും പെൻഷൻ കിട്ടിക്കൊണ്ടിരുന്ന ആളുകൾക്ക് വിവിധ സ്ലാബുകളിലാണ് തുക കിട്ടിക്കൊണ്ടിരുന്നത്. അത് മുടക്കി ഒറ്റ പെൻഷൻ ആക്കിയ ആളാണ് തോമസ് ഐസക്കെന്ന് വിഷ്ണുനാഥ് കൂട്ടിച്ചേർത്തു. യുഡിഎഫ് നിയോജക മണ്ഡലം ചെയർമാൻ ടി.എം. ഹമീദ് അധ്യക്ഷത വഹിച്ചു.

കോൺഗ്രസ് ആറന്മുള ബ്ലോക്ക് പ്രസിഡൻറ് ശിവപ്രസാദ്, ഡിസിസി പ്രസിഡൻറ് സതീഷ് കൊച്ചുപറമ്പിൽ, യുഡിഎഫ് ജില്ലാ കൺവീനർ എ. ഷംസുദീൻ, കെപിസിസി സെക്രട്ടറി അനീഷ് വരിക്കണ്ണാമല, ജോൺ കെ. മാത്യൂസ്, മാലേത്ത് സരളാദേവി, ജോർജ് കുന്നപ്പുഴ, ജോർജ് മാമ്മൻ കൊണ്ടൂർ തുടങ്ങിയവർ പ്രസംഗിച്ചു.

# കോന്നി കെഎസ്ആർടിസി ഡിപ്പോയിൽ പരിശോധന; മദ്യപിച്ച ഡ്രൈവർ പിടിയിൽ

കോന്നി: ബുധനാഴ്ച പുലർച്ചെ കോന്നി കെഎസ്ആർടിസി ഡിപ്പോയിൽ പത്തനംതിട്ട വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തി. മദ്യലഹരിയിലായിരുന്ന ഡ്രൈവർ പരിശോധനയ്ക്കിടെ കുടുങ്ങി.

പുലർച്ചെ 4.30ന് കോന്നി ഡിപ്പോയിൽനിന്നു പുറപ്പെടേണ്ടിയിരുന്ന അമൃത ആശുപത്രി ഫാസ്റ്റ് പാസഞ്ചർ ബസിൽ ഡ്യൂട്ടിക്കു പോകേണ്ടിയിരുന്ന ഡ്രൈവറാണ് പരിശോധനയിൽ കുടുങ്ങിയത്. ഇതേത്തുടർന്ന് മറ്റൊരു ഡ്രൈവറെ വിളിച്ചുവരുത്തി ബസ് സർവീസ് നടത്തുകയായിരുന്നു. ഇതുമൂലം ഒരു മണിക്കൂർ വൈകിയാണ് ബസ് പുറപ്പെട്ടത്.

ഡിപ്പോയിൽ വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തിയതിൽ പ്രകോപിതനായ കണ്ടക്ടർ, വിജിലൻസ് സംഘം വന്ന ജീപ്പിൽനിന്ന് രേഖകൾ അടങ്ങിയ ബാഗ് കൈക്കലാക്കി ബാത്ത് റൂമിന് പുറകിലേക്ക് വലിച്ചെറിഞ്ഞ ശേഷം സ്ഥലം വിടുകയുണ്ടായി.

തുടർന്ന് നടത്തിയ അന്വേഷണത്തിൽ ബാഗ് തിരികെ കിട്ടി. കണ്ടക്ടർക്കെതിരേ വകുപ്പുതല നടപടികൾ തുടങ്ങി. മദ്യപിച്ച് ഡ്യൂട്ടിക്കെത്തിയ സംഭവത്തിൽ ഇതിന് മുമ്പും കോന്നി ഡിപ്പോയിൽ മറ്റൊരു കണ്ടക്ടറെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

# 75 ശതമാനം ബൂത്തുകളിലും വെബ് കാസ്റ്റിംഗ്

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലയിലെ 75 ശതമാനം ബൂത്തുകളിൽ തത്സമയ നിരീക്ഷണം (വെബ് കാസ്റ്റിംഗ്) നടത്തുമെന്നു മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. എട്ട് ജില്ലകളിൽ മുഴുവൻ ബൂത്തുകളിലും തത്സമയ നിരീക്ഷണം നടത്തുമ്പോൾ പത്തനംതിട്ട ഉൾപ്പെടെ ആറ് ജില്ലകളിൽ 75 ശതമാനം നിരീക്ഷണമേ ഉണ്ടാകൂ.

മുഴുവൻ പ്രശ്നബാധിത ബൂത്തുകളും തത്സമയ നിരീക്ഷണത്തിലായിരിക്കും. കോന്നി ആറ്, അടൂർ നാല്, ആറന്മുള രണ്ട് എന്നിങ്ങനെ ജില്ലയിൽ പ്രശ്നസാധ്യതയുള്ളത് 12 ബൂത്തുകളാണ്. ഒന്നിലധികം ബൂത്തുകളുള്ള വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിന് ബൂത്തുകൾക്ക് പുറത്തും കാമറ സ്ഥാപിക്കും.

ബൂത്ത് പിടുത്തം, പണവിതരണം, കള്ള വോട്ട് ചെയ്യൽ തുടങ്ങിയവ തടഞ്ഞ് സുതാര്യമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുകയാണ് ലക്ഷ്യം. തത്സമയ നിരീക്ഷണത്തിന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസിലും ജില്ലാ കളക്ടറേറ്റുകളിലും കൺട്രോൾ റൂമുകൾ സജ്ജമാക്കും.

# കത്തിക്കുത്തിൽ രണ്ടു പേർ മരിച്ച സംഭവം; ആശുപത്രിയിലെത്തിക്കുന്നത് തടഞ്ഞതിനാലെന്ന് പരാതി

അഞ്ചൽ : അഞ്ചലിൽ ഉണ്ടായ കത്തികുത്തിൽ രണ്ടുപേർ മരിയ്ക്കാനിടയായ സംഭവത്തിൽ ഗുരുതര വെളിപ്പെടുത്തലുമായി ആക്രമണത്തിൽ പരിക്കേറ്റ വിഷ്ണു. കഴിഞ്ഞ ഫെബ്രുവരി 27 ന് അഗസ്ത്യക്കോട് സർക്കാർ മദ്യ വിൽപന ശാലയ്ക്ക് സമീപം നടന്ന സംഘട്ടനത്തെത്തുടർന്നുള്ള കത്തികുത്തിൽ ആണ് രണ്ട് പേർ കൊല്ലപ്പെടുകയും ഒരാൾ ഗുരുതരാവസ്ഥയിലാകുകയും ചെയ്തത്. സംഭവത്തിൽ ഗുരുതരമായ് പരിക്കേറ്റ് ചികിത്സയിലാലായിരുന്ന ആക്രമണത്തിൽ കൊല്ലപ്പെട്ട ഭാസിയുടെ മകൻ വിഷ്ണുവാണ് ഗുരുതര ആരോപണവുമായി ഇപ്പോൾ രംഗത്തെത്തിയത്.

കത്തിക്കുത്തിനെത്തുടർന്ന് ഗുരുതരമായി പരിക്കേറ്റ തന്നേയും പിതാവ് ഭാസിയേയും സുഹൃത്ത് വിഷ്ണുവിനേയും ആശുപത്രിയിൽ എത്തിക്കുവാൻ വന്ന നാട്ടുകാരെ കുരുവിക്കോണം സ്വദേശികളായ അജയൻ, വിനയൻ, അനി എന്നിവർ അനുവദിച്ചില്ല. ഓടിക്കൂടിയവരെ ഇവർ ഭീഷണിപ്പെടുത്തി ഓടിയ്ക്കുകയായിരുന്നു. പിന്നീട് തങ്ങളെ സമീപത്തെ ഗോഡൗണിൽ തള്ളിയിട്ട് കതകടക്കുകയും ചെയ്തു. ഇതോടെ ഒരു മണിക്കൂറോളം സമയം രക്തം വാർന്ന് തങ്ങൾക്ക് അവിടെ കിടക്കേണ്ടി വന്നു. ഇതോടെ രക്തം വാർന്ന് അവശരായ തങ്ങളെ പോലീസ് എത്തിയാണ് ആശുപത്രിയിൽ എത്തിച്ചത്.യഥാസമയം തങ്ങളെ ആശുപത്രിയിലെത്തിച്ചിരുന്നുവെങ്കിൽ രണ്ട് ജീവനുകൾ രക്ഷപ്പെടുമായിരുന്നുവെന്നും വിഷ്ണു പറയുന്നു. രണ്ടു മരണങ്ങൾക്ക് കാരണക്കാരായവർക്കെതിരെ അന്വേഷണം നടത്തി ശക്തമായ നിയമ നടപടി വേണമെന്ന് ആവശ്യപ്പെട്ട് വിഷ്ണു പുനലൂർ ഡിവൈഎസ്പിക്ക് പരാതി നൽകിയിട്ടുണ്ട്. അതേസമയം കേസിൽ അറസ്റ്റിലായ കുരുവിക്കോണം സ്വദേശി ജയചന്ദ്ര പണിക്കർ ഇപ്പോഴും റിമാൻഡിലാണ്.

# രണ്ടാംഘട്ട ചെലവ് പരിശോധന ഇന്ന്; രേഖകൾ ഹാജരാക്കിയില്ലെങ്കിൽ നടപടി

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ സ്ഥാനാർഥികളുടെ ചെലവ് സംബന്ധിച്ച വിവരങ്ങളുടെ രണ്ടാംഘട്ട പരിശോധന ജില്ലാ ചെലവ് നിരീക്ഷകൻ കമലേഷ് കുമാർ മീണയുടെ നേതൃത്വത്തിൽ ഇന്നു രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും.

പരിശോധനയിൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കണം.

സ്ഥാനാർഥികളോ അവരുടെ പ്രതിനിധികളോ ചെലവുകൾ രേഖാമൂലം സമർപ്പിച്ചില്ലെങ്കിൽ ജനപ്രാതിനിധ്യ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുമെന്ന് വരണാധികാരി കൂടിയായ ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ പറഞ്ഞു.

# കെറെറയിൽ ത്രൈമാസ പുരോഗതി സമർപ്പിക്കാത്ത 63 പദ്ധതികൾക്ക് നോട്ടീസ്

## ത്രൈമാസ പുരോഗതി റിപ്പോർട്ട് സുതാര്യതയുടെ മുഖ്യ ഘടകം

തിരുവനന്തപുരം : ഈ വർഷം ആദ്യത്തെ ത്രൈമാസ പുരോഗതി (ക്വാർട്ടർലി പ്രോഗ്രസ് റിപ്പോർട്ട്) ഓൺലൈനായി സമർപ്പിക്കാത്ത 63 റിയൽ എസ്റ്റേറ്റ് പദ്ധതികൾക്ക് കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (കെറെറ) കാരണം കാണിക്കൽ നോട്ടീസ് അയച്ചു. ത്രൈമാസ പുരോഗതി സമർപ്പിക്കാനുള്ള അവസാനതീയതി ഏപ്രിൽ ഏഴ് ആയിരുന്നു. അതിനു ശേഷവും പുരോഗതി സമർപ്പിക്കാത്ത 63 പദ്ധതികളാണ് ഉള്ളത്. ആകെ 582 പദ്ധതികളാണ് ത്രൈമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടിയിരുന്നത്. അവയിൽ 519 പദ്ധതികളുടെ ത്രൈമാസ പുരോഗതി കെറെറ പോർട്ടലിൽ സമർപ്പിച്ചിട്ടുണ്ട്. വീഴ്ച വരുത്തിയിട്ടുള്ള 63 പദ്ധതികൾക്കാണ് കെറെറ നോട്ടീസ് അയച്ചിട്ടുള്ളത്.

കെറെറ നിയമപ്രകാരം ത്രൈമാസ പുരോഗതി റിപ്പോർട്ട് ഉപഭോക്താക്കൾക്കും പ്രൊമോട്ടർമാർക്കുമിടയിലെ സുതാര്യത ഉറപ്പു വരുത്തുന്ന പ്രധാന ഘടകമാണ്. കെറെറ വെബ്സൈറ്റ് വഴി ത്രൈമാസ പുരോഗതി റിപ്പോർട്ട് ലഭിക്കുക എന്നത് റിയൽ എസ്റ്റേറ്റ് പദ്ധതികളിൽ നിന്ന് യൂണിറ്റുകൾ വാങ്ങാനുദ്ദേശിക്കുന്നവരുടെ അവകാശവും കൂടിയാണ്.